മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 21 THE ONLINE OFFICIAL NEWS BULLETIN 2026 May 21

SEASON OF PENTECOST പെന്തിക്കോസ്തികാലം ܦܢܛܩܘܣܛܝ, ܙܒܢܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
24  7 Pentiqosti ✝ (Feast of the Pentecost. 50th Day after Easter)	25  3 Comme. of Mar Aaron the monk	26  7 12th Mem. of H.H. Baselios Marthoma Didymos I Catholicos (Pathanapuram Mount Tabor Dayara)	27 3	28 7	29  3 Rubto Ddahbo Golden Friday (Friday after Petecost)	30 7



മലങ്കരസഭയുടെ സേവന വിഭാഗമായ ആർദ്ര ചാരിറ്റബിൾ സൊസൈറ്റിയുടെ രജത ജൂബിലി സമാപന സമ്മേളനം ദേവലോകം കാതോലിക്കേറ്റ് അരമനയിൽ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. ആർദ്ര പ്രസിഡന്റ് ഡോ. ഏബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ അധ്യക്ഷത വഹിച്ചു.



പരുമല സെന്റ് ഗ്രിഗോറിയോസ് നഴ്സിംഗ് കോളേജിലെ ബി.എസ്.സി. നഴ്സിംഗ് പത്തൊൻപതാമത് ബാച്ചിന്റെ ബിരുദദാന ചടങ്ങ് മെയ് 15-ന് പരുമല പള്ളി ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ചടങ്ങ് ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റുകളും മികച്ച വിജയം നേടിയവർക്കുള്ള അവാർഡുകളും വിതരണം ചെയ്തു.



മർത്ത് മറിയം വനിതാസമാജം അന്തർദേശീയ സമ്മേളനത്തിന് തുടക്കം കുറിച്ചുകൊണ്ട് പീരുമേടു മാർ ബസ്സേലിയോസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ കൊടിയേറ്റ് കർമ്മം ഡോ. യുഹാനോൻ മാർ ദിയസ്കോറോസ് നിർവ്വഹിക്കുന്നു.



കൊച്ചി ഭദ്രാസന 150-ാം വാർഷികത്തിൽ സംയുക്ത ഓർമ്മപെരുന്നാളിനോട് അനുബന്ധിച്ച് പൂർവിക പിതാക്കന്മാരുടെ കബറിങ്കൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യുസ് തൃതീയൻ കാതോലിക്കാബാവ ധൂപപ്രാർത്ഥന നടത്തുന്നു.



സെന്റ് തോമസ് ഓർത്തഡോക്സ് വൈദിക സംഘത്തിന്റെ ഗ്ലോബൽ കോൺഫറൻസ് പരുമല സെമിനാരിയിൽ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു. മാത്യൂസ് മാർ തിമോത്തിയോസ് അദ്ധ്യക്ഷത വഹിച്ചു. ഉത്തർപ്രദേശ് ഫുഡ് ആൻഡ് ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ വകുപ്പ് സെക്രട്ടറിയും റോഷൻ ജേക്കബ് ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി. പുനഃപ്രസിദ്ധീകരിച്ച വൈദിക ഡയറക്ടറിയുടെ പ്രകാശനം കുറിയാക്കോസ് മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്ത നിർവ്വഹിച്ചു.



പത്തനംതിട്ടയിൽ നടന്ന യുവജനപ്രസ്ഥാനം രാജ്യാന്തര കോൺഫറൻസിന്റെ സമാപന സമ്മേളനം പരിശുദ്ധ കാതോലിക്കാ ബാവാ ഉൽഘാടനം ചെയ്യുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1951)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

23-9-1951. കോട്ടയം. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. ഉച്ചയോടു കൂടി യോഹന്നാൻ കുട്ടിയും അവന്റെ സഹോദരിയും മറ്റും വന്നു. നാം അവളെ കുറെ ശാസിക്കയും ഗുണദോഷിക്കയും ചെയ്തു. രണ്ടു മണിക്കു തിരിച്ചുപോയി. ഉച്ചകഴിഞ്ഞ് മണലിൽ കത്തനാരും വെങ്ങാഴിയിലെ അന്ത്രോച്ചനും നിരണത്തു നിന്നും വന്നു.

24-9-1951. കോട്ടയം. വിശേഷം ഒന്നും ഇല്ല.

25-9-1951. കോട്ടയം. ഒമ്പതു മണിയോടു കൂടി കോട്ടയം ഭദ്രാസനയോഗം കൂടുന്നതിനായി ഏലിയാ ചാപ്പലിൽ പോയി. മിക്ക പള്ളികളിൽ നിന്നും പ്രതിപുരുഷന്മാർ വന്നിരുന്നു. പതിനൊന്നു മണിക്ക് മീറ്റിംഗ് ആരംഭിച്ചു. എല്ലാം കൂടി 3500-ൽപരം രൂപാ ഇന്നു പിരിഞ്ഞു കിട്ടി. ഉച്ചയോടുകൂടി പത്തനംതിട്ട നിന്നു കോളജിന്റെ സംഗതിയെപ്പറ്റി പറയുന്നതിനായി ചിലർ വന്നിരുന്നു. താൽക്കാലികമായി അവർക്ക് ഒരു കല്പന കൊടുത്തയച്ചു. നാലു മണിക്ക് യോഗം കഴിഞ്ഞ് സെമിനാരിയിൽ വന്നു.

26-9-1951. കോട്ടയം. കാപ്പി കഴിഞ്ഞ് തിരുവല്ലായ്ക്കു തിരിച്ചു. അരമനയിൽ കയറി പണികൾ അന്വേഷിച്ചു. മാനേജരു കത്തനാരും ഉണ്ടായിരുന്നു. ഉച്ചമേശ കഴിഞ്ഞ് ചെങ്ങന്നൂർക്കു തിരിച്ചു. സന്ധ്യയ്ക്കു മുമ്പ് ഇവിടെ എത്തി. റമ്പാച്ചനും മറ്റും ഉണ്ടായിരുന്നു.


27-9-1951. ചെങ്ങന്നൂർ. രാവിലെ സ്ലീബാ പെരുന്നാൾ ആകയാൽ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. ഉച്ചകഴിഞ്ഞ് സ്ലീബാദാസ സമൂഹത്തിന്റെ 27-ാമതു വാർഷിക മീറ്റിംഗിൽ ആദ്ധ്യക്ഷം വഹിച്ചു. തീമോത്തിയോസ് മെത്രാച്ചനും ഓതറ റമ്പാച്ചനും ദാനിയേൽ റമ്പാച്ചനും മറ്റ് അനവധി പട്ടക്കാരും ഒരു വമ്പിച്ച ജനക്കൂട്ടവും സംബന്ധിച്ചിരുന്നു. മീറ്റിംഗിനുശേഷം ഒരു ഘോഷയാത്രയും ഉണ്ടായിരുന്നു. മെത്രാച്ചൻ സന്ധ്യയോടു കൂടി ബഥേലിലേക്കു പോയി.

28-9-1951. ചെങ്ങന്നൂർ, കുണ്ടറ. രാവിലെ കാപ്പി കഴിഞ്ഞ് കുണ്ടറയ്ക്കു തിരിച്ചു. വഴിമദ്ധ്യേ ആലായിൽ നിരണം സ്കൂളിലെ ഒരു വാദ്ധ്യാരായിരുന്ന വർഗീസിന്റെ വീട്ടിൽ കയറി രോഗിയായിരിക്കുന്ന ടി വറുഗീസിനു വേണ്ടി പ്രത്യേകം പ്രാർത്ഥനകൾ നടത്തി. പൂവത്തൂർ കത്തനാരും പെരുക്കാവിൽ കത്തനാരും പ്ലാന്തോമ്പിൽ കത്തനാരും അവിടെ ഉണ്ടായിരുന്നു. അതിനുശേഷം ബഥേലിൽ കയറി മെത്രാച്ചനെ കണ്ടു ചില സംഗതികൾ പറഞ്ഞു. അവിടെ നിന്നും പുത്തൻകാവിൽ എത്തി ഊണു കഴിച്ചു. പോകുന്നവഴി പൊങ്ങലടിയിൽ ഇരിക്കുന്ന കത്തനാരെ കൂടി ഇവിടേക്കു കൊണ്ടുപോന്നു. നാലര മണിക്ക് ഇവിടെ എത്തി. പരുമല മാനേജരു കത്തനാരും വന്നിട്ടുണ്ടായിരുന്നു.

29-9-1951. കുണ്ടറ. രാവിലെ പൊങ്ങലടി കത്തനാരെ സ്ഥലമെല്ലാം പരിചയപ്പെടുത്തി. സാധനസാമഗ്രികളും മറ്റും കാണിച്ചു. പ്ലേറ്റ്സ് ആദിയായവ 35 രൂപയ്ക്കു വാങ്ങിക്കൊടുത്തു (ഇവിടുത്തെ ആവശ്യത്തിന്). പരുമല കത്തനാർ ഉച്ചയോടു കൂടി പോയി. പലരും വന്ന് നമ്മെ കണ്ടു.

30-9-1951. കുണ്ടറ. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന മദ്ധ്യേ പ്രസംഗിച്ചു. പള്ളിയിൽ വളരെ ആളുകൾ ഉണ്ടായിരുന്നു. പൊങ്ങലടിക്കാരൻ കത്തനാർ അയാളുടെ സാധനങ്ങളും മറ്റും കൊണ്ടുവരുന്നതിന് പൊങ്ങലടിക്കു പോയി.

1-10-1951. കുണ്ടറ. ഇന്ന് ഇവിടുത്തെ അച്ചന്മാർ പലരും വന്നിരുന്നു. കുറെ പണം കേസിന്റെ ആവശ്യത്തിലേക്കു തന്നു. ഈ കെട്ടിടത്തിന്റെ ജനൽ നന്നാക്കുന്നതിനു ആശാരിയെ വരുത്തി പണിയിപ്പിച്ചു.



2-10-1951. കുണ്ടറ. രാവിലെ കാപ്പി കഴിഞ്ഞ് കൊട്ടാരക്കര കോട്ടപ്പുറം സെമിനാരിയിൽ പോയി ഭദ്രാസന മീറ്റിംഗിൽ സംബന്ധിച്ചു. കുറെ പള്ളിക്കാർ വന്നു പണം തന്നു. വരാതിരുന്ന പള്ളിക്കാരെ അറിയിച്ചു പണം പിരിച്ചേൽപ്പിക്കുന്നതിനു ഒരു കമ്മിറ്റിയെ നിശ്ചയിച്ചു. ഒരു മണിക്കു മീറ്റിംഗ് അവസാനിച്ചു. ഉച്ച ഊണ് കഴിഞ്ഞ് തിരിച്ചുപോന്നു.

3-10-1951. കുണ്ടറ, മാവേലിക്കര. കോതമംഗലത്തു കബറടങ്ങിയ ബസ്സേലിയോസ് കാതോലിക്കാ ബാവായുടെയും കണ്ടനാട്ടെ മെത്രാച്ചന്റെയും ഓർമ്മ ദിനമാകയാൽ വി. കുർബ്ബാന അർപ്പിച്ചു. നല്ലില അച്ചനും തടത്തിവിള കത്തനാരും കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു.

ഉച്ചകഴിഞ്ഞ് നാളത്തെ ഭദ്രാസന മീറ്റിംഗിൽ സംബന്ധിക്കാൻ മാവേലിക്കരയ്ക്കു തിരിച്ചു. നാലു മണിക്ക് ഇവിടെ എത്തി. നൈനാനും ഉണ്ടായിരുന്നു. തേവോദോസ്യോസ് മെത്രാച്ചനും വന്നിരുന്നു. വെള്ളപ്പൊക്കം മൂലം പന്തളം വഴി വരുന്നതിനു സൗകര്യപ്പെടാഞ്ഞതിനാൽ കറ്റാനം വഴിയാണ് ഇവിടെ എത്തിയത്.

4-10-1951. മാവേലിക്കര. 11 മണിക്ക് ഭദ്രാസന മീറ്റിംഗ് ആരംഭിച്ചു. 12 പള്ളിക്കാർ കുറേശ്ശെ പണം തന്നു. മറ്റു പള്ളിക്കാർ ഉടനെ പിരിച്ചയക്കാമെന്നു പറഞ്ഞു. മറ്റു പല സംഗതികളെപ്പറ്റിയും യോഗത്തിൽ പറഞ്ഞു. യോഗം കഴിഞ്ഞ് നാലു മണിക്ക് തേവോദോസ്യോസ് മെത്രാച്ചൻ കൊട്ടാരക്കരയ്ക്കു പോയി.

5-10-1951. മാവേലിക്കര. ഇന്ന് അച്ചന്മാർ ഇറങ്ങി പണപ്പിരിവു നടത്തി.

6-10-1951. മാവേലിക്കര. പറമ്പിലച്ചന്റെ മകനു സുഖക്കേടു സ്വല്പം കൂടുതലാണെന്നറിഞ്ഞതുകൊണ്ട് അച്ചൻ രാവിലെ തിരുവനന്തപുരത്തിനു പോയി. കറ്റാനത്തു നിന്നും അച്ചനും ട്രസ്റ്റിയും വന്ന് അവിടത്തെ കാതോലിക്കാ ദിന

പ്പിരിവ് പണം തന്നു.

7-10-1951. മാവേലിക്കര, തിരുവല്ല. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. വിലനിലത്തച്ചനും പുത്തൻപുരയിലച്ചനും, മൂത്തേടത്തച്ചനും കുർബ്ബാനയിൽ സംബന്ധിച്ചു. കുർബ്ബാന കഴിഞ്ഞ് പലരും നമ്മെ വന്നു കണ്ടു സംസാരിച്ചു. ഉച്ചമേശ കഴിഞ്ഞ് തിരുവല്ലായ്ക്കു പുറപ്പെട്ടു. വഴിമദ്ധ്യേ കായംകുളം ദയറായിൽ കയറി കാപ്പി കുടിച്ചു. അഞ്ചരയ്ക്കു ഇവിടെ എത്തി. ഏലിയാസ് തോമസ് കത്തനാർ ഉണ്ടായിരുന്നു. മെത്രാച്ചൻ തൃശനാപ്പള്ളിയിലാണെന്നും നല്ല സുഖമില്ലെന്നും അറിയിച്ചു. നാളത്തെ മീറ്റിംഗിന് മെത്രാച്ചൻ വരികയില്ല. ചാലക്കുഴിയിലച്ചനും സി. സി. ജോർജ് കത്തനാരും, പയ്യമ്പള്ളിക്കത്തനാരും, ചാക്കോച്ചൻ, പി. എം. ജേക്കബ് മുതലായവരും നമ്മെ വന്നു കണ്ട് ചില സംഗതികൾ പറഞ്ഞു. മൂത്തേടത്തു കത്തനാരും നമ്മോടു കൂടി ഇവിടെ വരെ വന്നിരുന്നു. ഇവിടെ വന്നശേഷം അയാൾ കോട്ടയത്തിനു പോയി.

8-10-1951. തിരുവല്ല. രാവിലെ 11 മണിക്ക് ഭദ്രാസന മീറ്റിംഗ് കൂടി. മെത്രാച്ചന് സുഖമില്ലെന്നും മീറ്റിംഗിൽ വന്നു സംബന്ധിപ്പാൻ പ്രയാസമാണെന്നും മറ്റും കാണിച്ച് കമ്പി അടിച്ചിരുന്നു. കുറെ പള്ളിക്കാർ വന്നിരുന്നു. രണ്ടായിരത്തോളം രൂപാ പിരിഞ്ഞു കിട്ടി. ബാക്കി രൂപാ എത്രയും വേഗം പിരിച്ച് നമ്മെ ഏല്പിക്കാമെന്നു പള്ളിക്കാർ സമ്മതിച്ചു. ഉച്ചയോടുകൂടി യോഗം അവസാനിച്ചു.

9-10-1951. തിരുവല്ല, പത്തനംതിട്ട. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. ഇന്ന് പത്രോസ് പാത്രിയർക്കീസ് ബാവായുടെ ഓർമ്മദിനമായിരുന്നു. പയ്യമ്പള്ളിൽ കത്തനാരും, മണലിൽ കത്തനാരും, ഏലിയാസ് തോമസ് കത്തനാരും കുർബ്ബാനയിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് അരമനയുടെ മേക്കൂട്ടു പണിയുന്നതിനുള്ള ഉത്തരം ആശാരിമാർ വച്ചു. മാനേജരച്ചനും കോട്ടയത്തു നിന്നു വന്നിരുന്നു. ഉത്തരം വയ്പു കഴിഞ്ഞ് ആശാരിമാർക്ക് സംഭാവനകൾ കൊടുത്തു. രണ്ടു മണിക്ക് ഇവിടേക്ക് തിരിച്ചു. നാലരയ്ക്കു ഇവിടെ എത്തി. തീമോത്തിയോസ് മെത്രാച്ചനും, റമ്പാച്ചനും മറ്റ് അച്ചന്മാരും മറ്റും വന്നിരുന്നു. നമസ്കാരം കഴിഞ്ഞ് അവർ തിരിച്ചുപോയി.

10-10-1951. പത്തനംതിട്ട, മാവേലിക്കര. രാവിലെ കാപ്പി കഴിഞ്ഞ് ബേസിൽ അരമനയിലേക്കു പോയി. 10 മണിയോടു കൂടി ഹൈസ്കൂളിൽ വച്ച് ഭദ്രാസന മീറ്റിംഗ് ആരംഭിച്ചു. മെത്രാച്ചനും, ദാനിയേൽ റമ്പാച്ചനും, ഓതറ റമ്പാച്ചനും, മറ്റ് കുറെ പട്ടക്കാരും, അയ്മേനികളും ഉണ്ടായിരുന്നു. കേസിന്റെ പണപ്പിരിവിനെപ്പറ്റി ആലോചിച്ചു. കുറെ പള്ളിക്കാർ വന്നിരുന്നു. ഏഴായിരത്തിൽപരം രൂപാ ഇന്നു പിരിഞ്ഞു കിട്ടി. ബാക്കി പണം ഉടനെ പിരിക്കണമെന്നും മറ്റും നിശ്ചയിച്ച് ഒരു മണിക്ക് യോഗം അവസാനിച്ചു. ഉച്ചകഴിഞ്ഞ് കുത്തിവയ്ക്കേണ്ട ആവശ്യം പ്രമാണിച്ച് മാവേലിക്കരയ്ക്കു പോയി. മൂന്നരയ്ക്കു ഇവിടെ എത്തി. എ. ഡി. വർഗീസ് വന്ന് കുത്തിവച്ചു. രാത്രി താമസിച്ചു.

11-10-1951. മാവേലിക്കര, കുറിച്ചി. ഉച്ചയോടു കൂടി വീണ്ടും കുത്തിവച്ചു. അതിനുശേഷം കുറിച്ചിക്കു തിരിച്ചു. വഴിമദ്ധ്യേ തിരുവല്ലാ അരമനയിൽ കയറി പണികൾ കണ്ടു. നാലരയ്ക്കു ഇവിടെ എത്തി താമസിച്ചു. വികാരി അച്ചനും മറ്റും വന്നിരുന്നു.

12-10-1951. കുറിച്ചി. രാവിലെ അമ്മയുടെ ഓർമ്മദിവസമാകയാൽ വി. കുർബ്ബാന ചൊല്ലി. കബറുങ്കൽ ധൂപം വച്ചു. കാപ്പി കഴിഞ്ഞ് കൊച്ചുപാപ്പിയെ കാണ്മാൻ കല്ലാശ്ശേരിൽ പോയി. ഊണു കഴിഞ്ഞ് തിരിച്ചു വന്നു. നാലു മണിയോടു കൂടി മാനേജരച്ചൻ കോട്ടയത്തു നിന്നും വന്നിരുന്നു. കേസ് ഒക്ടോബർ 24-ാം തീയതി തന്നെ കേൾക്കുന്നതാണെന്ന് ഹൈക്കോടതി ഉത്തരവിട്ട വിവരം പറഞ്ഞു. ഇഞ്ചിനിയറെ (സമുദായക്കേസിൽ സഭയ്ക്കു വേണ്ടി ഹാജരായ പ്രശസ്ത വക്കീൽ. - എഡിറ്റർ) വരുത്തുന്നതിനും മറ്റുമായി 7079 രൂപാ അയാളെ ഏല്പിച്ചു. സന്ധ്യയ്ക്കു മുമ്പ് തിരിച്ചുപോയി. കുഴിമറ്റത്തെ കോറെപ്പിസ്ക്കോപ്പായും, ളാക്കൂക്കാരൻ കത്തനാരും നമ്മെ കാണ്മാൻ വന്നിരുന്നു.

13-10-1951. കുറിച്ചി. രാവിലെ വികാരി അച്ചൻ വന്നു. മറ്റ് പലരും വന്ന് നമ്മെ കാണുകയുണ്ടായി. കാർത്തികപ്പള്ളിയിൽ നിന്നും എം. എം. ജേക്കബ് അച്ചനും മറ്റു രണ്ടുപേരും വന്നിരുന്നു. അവരുടെ കൂടെ വന്ന സുഖമില്ലാത്ത ഒരുവന് വെള്ളം വാഴ്ത്തിക്കൊടുത്തു. സന്ധ്യയോടു കൂടി അവർ തിരിച്ചുപോയി.

14-10-1951. കുറിച്ചി, കോട്ടയം. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. വളരെ ആളുകൾ പള്ളിയിൽ ഹാജരായിരുന്നു. ഉച്ചമേശ കഴിഞ്ഞ് കോട്ടയത്തേക്കു തിരിച്ചു. നാലു മണിക്ക് ഇവിടെ എത്തി. മാനേജരച്ചനും മണലിൽ കത്തനാരും തിരുവനന്തപുരത്തിനു പോയി.

15-10-1951. കോട്ടയം. രാവിലെ ഫീലിപ്പോസ് കത്തനാർ കുർബ്ബാന അർപ്പിച്ചു. പാറേട്ടച്ചനും മറ്റും വന്ന് പുതുപ്പള്ളിക്കാരൻ കുഞ്ഞ് (വെങ്ങാഴിയിലെ അന്ത്രയോച്ചന്റെ ഇപ്പോഴത്തെ മരുമകൻ) മരിച്ചുപോയ വിവരം പറഞ്ഞു.

സന്ധ്യയോടു കൂടി കുന്നംകുളത്തു നിന്നും പാറേമേൽ അച്ചനും ഇട്ടൂപ്പച്ചനും യൗസേഫ് ശെമ്മാശനും മറ്റു ചിലരും കൂടി വന്ന് ടി ശെമ്മാശനു കത്തനാരുപട്ടം കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞു. തിയോളജിക്കൽ സെമിനാരിയിലെ മല്പാന്റെ സർട്ടിഫിക്കേറ്റു കൂടാതെ പട്ടം തരികയില്ലെന്നു പറഞ്ഞതനുസരിച്ച് അവർ പോയി റമ്പാച്ചന്റെ സർട്ടിഫിക്കേറ്റ് കൊണ്ടുവന്നു. രാത്രി താമസിച്ചു.

16-10-1951. കോട്ടയം. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പുലിക്കോട്ടിൽ ശെമ്മാശന് കത്തനാരു പട്ടം നൽകി. വട്ടക്കുന്നേൽ റമ്പാച്ചനും, യോഹന്നാൻ കത്തനാരും മറ്റും വന്നിരുന്നു. പട്ടംകൊട കഴിഞ്ഞ് എല്ലാവരും തിരിച്ചുപോയി.

17-10-1951. കോട്ടയം. മാനേജരച്ചൻ രാവിലെ തിരുവനന്തപുരത്തു നിന്നും വന്നും. എം.ജി.എം. ഹൈസ്കൂളിൽ നിന്നും പയ്യമ്പള്ളിൽ കത്തനാരും, ഫസ്റ്റ് അസിസ്റ്റന്റ് മി. ഏബ്രഹാമും കൂടി വന്നിരുന്നു. കെ. എ. മാത്യുവിനു സുഖക്കേടു കുറവില്ലെന്നും മറ്റും പറഞ്ഞു. കുന്നംകുളത്തു നിന്നും കുഞ്ഞാത്തുവും പീറ്ററും വന്നിരുന്നു. പള്ളിയിലെ വഴക്കുകളും കേസുകളും മറ്റും തീർന്നെന്നും, എല്ലാം രാജിയായെന്നും മറ്റും പറഞ്ഞു. സ്കൂൾ മാനേജ്മെന്റിൽ നിന്നും കുഞ്ഞാത്തു രാജി നമ്മുടെ അടുക്കൽ സമർപ്പിച്ചു. അധികം താമസിയാതെ അവിടെ നാം ചെന്ന് സംഗതികൾ തീർക്കുകയോ അല്ലെങ്കിൽ മറ്റു മെത്രാച്ചന്മാരെ ചുമതലപ്പെടുത്തി അയക്കുകയോ ചെയ്യാമെന്നു പറഞ്ഞു. ഉച്ചകഴിഞ്ഞ് അവർ തിരിച്ചുപോയി.

18-10-1951. കോട്ടയം. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. ഫീലിപ്പോസ് കത്തനാരും വന്നിരുന്നു. ഉച്ചകഴിഞ്ഞ് ഉപ്പൂട്ടിലെ കുഞ്ഞച്ചനും, കൊച്ചുകൊച്ചും, ബേബിയും മറ്റും വന്നിരുന്നു. മണലിൽ അച്ചൻ സന്ധ്യയ്ക്കു വന്നു. കേസിന്റെ കാര്യങ്ങളെപ്പറ്റിയും മറ്റും പറഞ്ഞു. രാത്രിയിൽ കെ. എ. മാത്യു മരിച്ചുപോയ വിവരം ഇവിടെ അറിയിച്ചു.

19-10-1951. കോട്ടയം. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാന കഴിഞ്ഞ് കെ. എ. മാത്യുവിന്റെ ശവസംസ്കാരം പ്രമാണിച്ച് തിരുവല്ലായ്ക്കു പോയി. രണ്ടു മണിക്ക് ശവം എം.ജി.എം. ഹൈസ്കൂളിൽ കൊണ്ടുവന്നു. അവിടെ വച്ച് ഒരു ശുശ്രൂഷ നടത്തി. അനന്തരം പള്ളിയിൽ കൊണ്ടുവന്ന് ശുശ്രൂഷകൾ നടത്തി അടക്കം ചെയ്തു. നാം പ്രസംഗിച്ചു. അഞ്ചു മണിക്കു തിരിച്ചുപോന്നു.

സന്ധ്യയ്ക്കു കുന്നംകുളത്തിനു പോകുന്നതിനു തീമോത്തിയോസ് മെത്രാച്ചനും ദാനിയേൽ റമ്പാച്ചനും, ളാക്കൂരച്ചനും, ജോഷ്വാ കത്തനാരും കൂടി വന്നു. ഭക്ഷണം കഴിഞ്ഞ് മൂവാറ്റുപുഴയ്ക്കു പോയി. കുന്നംകുളം പള്ളിയിലെ സംഗതികൾ പൊതുയോഗം കൂടി ശരിപ്പെടുത്തുന്നതിന് മെത്രാച്ചനെ അധികാരപ്പെടുത്തി കല്പന കൊടുത്തു.

20-10-1951. രാവിലെ ഫീലിപ്പോസ് കത്തനാർ വി. കുർബ്ബാന അർപ്പിച്ചു. മാനേജരച്ചനും, നൈനാനും കൂടി തുമ്പമണ്ണിനു പോയി. സന്ധ്യക്കു തിരിച്ചുവന്നു. കെ. പി. പൗലോസ് കത്തനാർ പുസ്തകം അച്ചടി പ്രമാണിച്ച് ഇവിടെ താമസിക്കുന്നു.

21-10-1951. കോട്ടയം. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. പ്രസംഗിച്ചു. കുർബ്ബാന കഴിഞ്ഞ് പലരും നമ്മെ കാണ്മാൻ വന്നിരുന്നു. ഫീലിപ്പോസ് കത്തനാർ കുർബ്ബാന കഴിഞ്ഞു വന്നു. കെ. പി. പൗലോസ് കത്തനാർ നട്ടാശ്ശേരിക്കു പോയി.

22-10-1951. കോട്ടയം, മാവേലിക്കര. രാവിലെ വി. കുർബ്ബാന അർപ്പിച്ചു. ഉച്ച കഴിഞ്ഞ് മാവേലിക്കരയ്ക്കു പുറപ്പെട്ടു. നാലു മണിക്ക് ഇവിടെ എത്തി. ഡോ. എ. ഡി. വർഗീസ് വന്നു കുത്തിവച്ചു. ഒരു ദിവസം ഇവിടെ താമസിച്ച് രണ്ടു കുത്തിവയ്പു കൂടി നടത്തണമെന്ന് ഡോക്ടർ ആവശ്യപ്പെട്ടതനുസരിച്ച് ഇവിടെ താമസിച്ചു.

23-10-1951. മാവേലിക്കര, പരുമല. രാവിലെ മൂത്തേടത്തു കത്തനാർ വി.

കുർബ്ബാന അർപ്പിച്ചു. ഡോക്ടർ വന്ന് രണ്ടു കുത്തിവയ്പു നടത്തി. കറ്റാനത്തു നിന്നു തോമസ് കത്തനാരും, വടശേരിയത്ത് ഗബ്രിയേൽ കത്തനാരും വന്നിരുന്നു. ഉച്ചകഴിഞ്ഞ് പരുമലയ്ക്കു തിരിച്ചു. നാലു മണിക്ക് ഇവിടെ എത്തി.

24-10-1951. പരുമല. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ഇന്നാണ് സമുദായക്കേസ്സിന്റെ റിവ്യൂ വാദം കേൾക്കുന്നത്. കാറ് കോട്ടയത്തിനു കൊടുത്തയച്ചു. ബാറ്ററി ചാർജ് ചെയ്യുന്നതിനായിട്ടാണ്.

25-10-1951. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് വണ്ടി കൊണ്ടുവരുന്നതിനായും മറ്റും ശെമ്മാശനെ കോട്ടയത്തിന് അയച്ചു. ചെങ്ങരൂർ പള്ളിയിൽ നിന്നും മാറി വെള്ളമല പള്ളി വയ്ക്കുന്നതിന് നമ്മുടെ പേരിൽ സ്ഥലം വാങ്ങിയതിന്റെ ആധാരവുമായി ചിലർ തൈക്കടവിലച്ചനുമായി ഇവിടെ വന്നു. അവിടെ ഷെഡു കെട്ടി തൽക്കാലം കുർബ്ബാന ചൊല്ലുന്നതിന് അനുവദിച്ചു കല്പന കൊടുത്തു.

26-10-1951. പരുമല. രാവിലെ നാമും റമ്പാച്ചനും അരികുപുറത്തച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. ശെമ്മാശനും നൈനാനും കോട്ടയത്തു നിന്നും വന്നു. കേസിന്റെ സംഗതികളെപ്പറ്റിയും മറ്റും പറഞ്ഞു. ഉച്ചകഴിഞ്ഞ് പെരുന്നാൾ പ്രമാണിച്ചു കൊടിമരം നാട്ടി. വള്ളക്കാലി പാപ്പിയും മകൻ ജോർജും വന്നു നമ്മെ കണ്ടു.

27-10-1951. പരുമല. രാവിലെ റമ്പാച്ചൻ വി. കുർബ്ബാന അർപ്പിച്ചു. ചേപ്പാട്ടു നിന്നും ഐ. ദാനിയേൽ അച്ചനും മറ്റും വന്ന് പെരുന്നാൾ ദിവസം സിറിയൻ കോൺഗ്രസ്സിന്റെ യോഗം നടത്തുന്നതിനെപ്പറ്റിയും മറ്റും പറഞ്ഞു. കുന്നംകുളത്തു നിന്നും ചിലർ വന്നിരുന്നു. നാളെ മേല്പാടത്തു ചെല്ലുന്ന സംഗതിയെപ്പറ്റിയും മറ്റും പറയുവാൻ മട്ടക്കലെ ജോർജ് കത്തനാർ വന്നിരുന്നു.

28-10-1951. പരുമല, മേല്പ്പാടം. രാവിലെ രാത്രി (ലിലിയോ) നമസ്കാരം കഴിഞ്ഞ് മേല്പ്പാടത്തിനു പോയി. അവിടെ വി. കുർബ്ബാന അർപ്പിച്ചു. കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു. കുർബ്ബാന കഴിഞ്ഞ് വള്ളക്കാലിലെ മാത്യു വക്കീലിന്റെ ജ്യേഷ്ഠന്റെ മകന്റെ വിവാഹം നടത്തി. പെണ്ണ് തിരുവല്ലാ കോടിയാട്ടെയാണ്. പാലാമ്പടം തോമസ്സും, മറ്റു പല ഉദ്യോഗസ്ഥന്മാരും പല സമുദായത്തിൽ നിന്നും കല്യാണത്തിനു സംബന്ധിച്ചിരുന്നു. 12 മണിക്ക് കല്യാണം കഴിഞ്ഞു. മട്ടക്കലെ ജോർജ് കത്തനാർ (വികാരി) ഉണ്ടായിരുന്നു. മൂന്നരയ്ക്കു ഇവിടേക്കു തിരിച്ചു. നാലരയ്ക്കു ഇവിടെ എത്തി.

29-10-1951. പരുമല. രാവിലെ റമ്പാച്ചൻ വി. കുർബ്ബാന ചൊല്ലി. പെരുന്നാളിന്റെ ഒരുക്കങ്ങൾ നടന്നുവരുന്നു.

30-10-1951. പരുമല. രാവിലെ റമ്പാച്ചൻ കുർബ്ബാന ചൊല്ലി. കുറെ ആളുകൾ പള്ളിയിൽ വന്നിരുന്നു. ഇന്നും ഡോ. എ. ഡി. വർഗീസ് വന്നു കുത്തിവച്ചു.

31-10-1951. പരുമല. രാവിലെ റമ്പാച്ചൻ വി. കുർബ്ബാന അർപ്പിച്ചു. കോട്ടയത്തു നിന്നും മാനേജരു കത്തനാരും ചാലാശ്ശേരിൽ അച്ചനും നൈനാനും കൂടി വന്നു ചില സംഗതികൾ പറഞ്ഞു. കേസ്സിന്റെ ആവശ്യത്തിലേക്കുള്ള പണം ഫീലിപ്പോച്ചൻ ആവശ്യപ്പെടുന്നത് സി. ബാങ്കിൽ നിന്നും കൊടുക്കണമെന്നു കാണിച്ച് ഇ. ജെ. ജോസഫിനു കല്പന കൊടുത്തു. ഉച്ച ഊണ് കഴിഞ്ഞ് അവർ തിരിച്ചുപോയി. തീമോത്തിയോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും പെരുന്നാൾ പ്രമാണിച്ചു വന്നു.

1-11-1951. പരുമല. രാവിലെ നാമും തീമോത്തിയോസ് മെത്രാച്ചനും, ദാനിയേൽ റമ്പാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കുശേഷം പാമ്പാക്കുട, ചന്ദ്രത്തിലെ അബ്രഹാമിന്റെ കൊച്ചുമകന്റെ മാമോദീസാ നടത്തി. ഉച്ചകഴിഞ്ഞ് വട്ടക്കുന്നേൽ റമ്പാനും, ഓതറ റമ്പാച്ചനും വന്നു. ഇന്നും നാളെയും പെരുന്നാളാണ്. സന്ധ്യാനമസ്കാരവും റാസയും വെടിക്കെട്ടും മറ്റും ഉണ്ടായിരുന്നു. അതിനുശേഷം ഓതറ റമ്പാച്ചന്റെയും, ജോർജ്ജിന്റെയും മറ്റും പ്രസംഗങ്ങളും ഉണ്ടായിരുന്നു. പല അച്ചന്മാരും ഒട്ടനവധി ജനങ്ങളും പെരുന്നാളിൽ സംബന്ധിപ്പാൻ നേരത്തെതന്നെ എത്തിയിട്ടുണ്ട്.

2-11-1951. പരുമല. രാവിലെ രാത്രി നമസ്കാരം കഴിഞ്ഞ് വട്ടക്കുന്നേൽ റമ്പാച്ചൻ വി. കുർബ്ബാന ചൊല്ലി. അതിനുശേഷം തീമോത്തിയോസ് മെത്രാച്ചനും ദീവന്നാസ്യോസ് മെത്രാച്ചനും, ഓതറ റമ്പാച്ചനും കൂടി മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. നമുക്കു നല്ല സുഖമില്ലാത്തതിനാൽ കുർബ്ബാന ചൊല്ലിയില്ല. തീമോത്തിയോസ് മെത്രാച്ചൻ കുർബ്ബാനമദ്ധ്യേ പ്രസംഗിച്ചു.

ഇന്നും നാളെയും പെരുന്നാളാണ്. സന്ധ്യാനമസ്കാരവും റാസയും വെടിക്കെട്ടും മറ്റും ഉണ്ടായിരുന്നു. അതിനുശേഷം ഓതറ റമ്പാച്ചന്റെയും, ജോർജ്ജിന്റെയും മറ്റും പ്രസംഗങ്ങളും ഉണ്ടായിരുന്നു. പല അച്ചന്മാരും ഒട്ടനവധി ജനങ്ങളും പെരുന്നാളിൽ സംബന്ധിപ്പാൻ നേരത്തെതന്നെ എത്തിയിട്ടുണ്ട്.

രണ്ടു മണിക്ക് സിറിയൻ ക്രിസ്ത്യൻ കോൺഗ്രസിന്റെ യോഗം ഉണ്ടായിരുന്നു. നിയമസഭാ സ്പീക്കർ ഏ. എം. തോമസ്സും ദീവന്നാസ്യോസ് മെത്രാച്ചനും കെ. ഫീലിപ്പോസ് കത്തനാരും കെ. പി. പൗലോസ് കത്തനാരും മറ്റും പ്രസംഗിച്ചു. നാമും പ്രാരംഭത്തിൽ ഒരു പ്രസംഗം ചെയ്തശേഷം മടങ്ങിപ്പോന്നു. യോഗം കഴിഞ്ഞ് റാസ നടത്തി. സന്ധ്യയോടുകൂടി പെരുന്നാൾ ചടങ്ങ് അവസാനിച്ചു.

3-10-1951. പരുമല. രാവിലെ നാമും കുറ്റിപ്പാലക്കലച്ചനും ചുണ്ടമണ്ണിൽ അച്ചനും കൂടി വി. മൂന്നിന്മേൽ കുർബ്ബാന അർപ്പിച്ചു. ആളുകൾ പള്ളി നിറയെ ഉണ്ടായിരുന്നു. തീമോത്തിയോസ് മെത്രാച്ചനും ദാനിയേൽ റമ്പാച്ചനും രാവിലെ തുമ്പമൺ പള്ളിയിലേക്കു പോയി. ദീവന്നാസ്യോസ് മെത്രാച്ചൻ ഉച്ചകഴിഞ്ഞ് കല്ലൂപ്പാറയ്ക്കു പോയി. ഇന്നു നേർച്ചക്കാരും മറ്റും വന്നിരുന്നു. ഇന്ന് നടവരവും കുർബ്ബാനപണവും എണ്ണി തിട്ടപ്പെടുത്തി. നടവരവ് രൂപാ 3494.9. കുർബ്ബാനപ്പണം 2367.

4-11-1951. പരുമല. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. മാനേജരു കത്തനാർ അയാളുടെ വീതം നടത്തുന്നതിനു നിരണത്തിനു പോയി. കുർബ്ബാനയ്ക്കു വളരെ ആളുകൾ വന്നിരുന്നു. സി. പി. മാത്തൻ, ഉപ്പൂട്ടിൽ കുഞ്ഞച്ചൻ, കുട്ടിയപ്പൻ മുതലായ പലരും വന്നിരുന്നു. മാത്തൻ ടിയാൻ പാർലമെന്റിലേക്കു മെമ്പറായി നിൽക്കുന്ന കാര്യത്തെപ്പറ്റിയും മറ്റും പറഞ്ഞു. കാപ്പി കഴിഞ്ഞ് എല്ലാവരും തിരിച്ചുപോയി. ഇന്നത്തെ നടവരവ് രൂപാ 204.

5-11-1951. പരുമല. ഇന്ന് അരികുപുറത്തെ മൂപ്പീന്നിന്റെ ഓർമ്മദിനമാകയാൽ അരികുപുറത്തച്ചൻ വി. കുർബ്ബാന അർപ്പിച്ചു. ഉച്ചയോടു കൂടി മണലിൽ യാക്കോബ് കത്തനാരും, പഴയസെമിനാരി മാനേജരു കത്തനാരും കൂടി വന്ന് കേസിന്റെ സംഗതികളെപ്പറ്റിയും വക്കീലിനു കൊടുത്ത പണത്തെപ്പറ്റിയും മറ്റും പറഞ്ഞു. ഇഞ്ചിനീയർക്ക് 24000 രൂപാ കൊടുത്തു. ഉച്ച ഊണു കഴിഞ്ഞ് രണ്ടു പേരും തിരിച്ചുപോയി. ഡോ. എ. ഡി. വർഗീസ് ഇന്നും വന്ന് കുത്തിവച്ചു.

6-11-1951. പരുമല. രാവിലെ റമ്പാച്ചൻ വി. കുർബ്ബാന അർപ്പിച്ചു. പെരുന്നാൾ പ്രമാണിച്ചും മറ്റുമുള്ള കണക്കുകൾ റമ്പാച്ചനും അച്ചനും കൂടി നമ്മെ വായിച്ചു കേൾപ്പിച്ചു. വട്ടയ്ക്കാട്ടു യാക്കോബ് കത്തനാർ വന്നിരുന്നു. ഉച്ചകഴിഞ്ഞ് തിരിച്ചുപോയി.

7-11-1951. പരുമല. രാവിലെ റമ്പാച്ചൻ വി. കുർബ്ബാന അർപ്പിച്ചു. ദീവന്നാസ്യോസ് മെത്രാച്ചൻ ഉച്ചകഴിഞ്ഞ് തിരുവല്ലായിൽ നിന്നും വന്നിരുന്നു. പല സംഗതികളെപ്പറ്റിയും പറഞ്ഞു. അഞ്ചു മണിയോടു കൂടി തിരിച്ചുപോയി. ഇന്നും ഡോ. എ. ഡി. വർഗീസ് വന്നു കുത്തിവച്ചു. മാവേലിക്കര നിന്നും റ്റി. എസ്. ഏബ്രഹാം കത്തനാരും വിലനിലത്തച്ചനും വന്നിരുന്നു. പറങ്കാമാംമൂട്ടിൽ അച്ചന്റെ മകൻ ശെമ്മാശൻ വന്ന് അയാളുടെ കല്യാണത്തെപ്പറ്റിയും മറ്റും പറഞ്ഞു.

8-11-1951. പരുമല. രാവിലെ തട്ടാൻ വന്ന് പെരുനാളിനു നേർച്ച വന്ന വെള്ളിയും സ്വർണ്ണവും ഉരുക്കി. സ്വർണ്ണം 12 പവനും വെള്ളി 58 രൂപാ തൂക്കവും ഉണ്ടായിരുന്നു. ഗബ്രിയേൽ അച്ചൻ വന്നിരുന്നു. റമ്പാച്ചനും അരികുപുറത്തു കത്തനാരും ഗബ്രിയേൽ കത്തനാരും കൂടി രോഗിയായി കിടക്കുന്ന മേപ്രാൽ കണിയാന്ത്ര അച്ചനെ കാണ്മാൻ പോയി. ഉച്ചകഴിഞ്ഞു തിരിച്ചുവന്നു.

9-11-1951. പരുമല. രാവിലെ നാം വി. കുർബ്ബാന അർപ്പിച്ചു. ഉച്ചയോടുകൂടി ഈപ്പൻ ശെമ്മാശൻ വന്ന് കല്യാണകാര്യത്തെപ്പറ്റിയും മറ്റും പറഞ്ഞു. മാരാമണ്ണു പള്ളിക്കാരിൽ ചിലർ ഇവിടെ വന്നിരുന്നു.

10-11-1951. പരുമല, പത്തനംതിട്ട. ഉച്ചകഴിഞ്ഞ് ഈപ്പൻ ശെമ്മാശന്റെ കല്യാണം പ്രമാണിച്ച് പത്തനംതിട്ടയ്ക്കു പോയി. നാലു മണിക്ക് അവിടെ എത്തി. ശെമ്മാശനും മറ്റും അവിടെ ഉണ്ടായിരുന്നു.

(തുടരും)

അപ്പോസ്തോലിക വിശ്വാസവും പ്രബോധനവും

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ
(പ്രസിഡന്റ്, വൈദിക സംഘം)

അജപാലകന്റെ ആശ്രയം സർവരുടെയും രക്ഷകനും, ലോകത്തിന് നൽകാൻ കഴിയാത്തവിധം സമൃദ്ധമായ ജീവൻ നൽകുന്നവനുമായ യേശുക്രിസ്തുവിൽ ആയിരിക്കണം (യോഹ. 10:10). ഈ ആശ്രയത്തിന്റെ ബൗദ്ധികമായ അടിത്തറ അപ്പോസ്തോലിക വിശ്വാസവും പ്രബോധനവുമാണ്. അതിന്റെ കാര്യവിചാരകരാകുവാൻ ലഭിച്ച സൗഭാഗ്യത്തിന് അജപാലകർ എപ്പോഴും ദൈവത്തോട് നന്ദിയുള്ളവരായിരിക്കണം.

അപ്പോസ്തോലിക ദൗത്യത്തെക്കുറിച്ചുള്ള ഉത്തമ ബോധ്യമുണ്ടാവുക

അപ്പോസ്തോലിക പ്രബോധനത്തിന് ഒരു സാർവത്രിക മാനമുണ്ട്. യേശുക്രിസ്തുവിന്റെ മനുഷ്യാവതാര പ്രവർത്തനങ്ങളുടെ ലക്ഷ്യമായ 'എല്ലാവരുടെയും രക്ഷ' എന്ന ദൈവിക പദ്ധതിയാണ് അതിലൂടെ വിഭാവനം ചെയ്യപ്പെടുന്നത് (2 പത്രോ. 3:9, ലൂക്കോ. 2:31, അപ്പോ. 28:28). രക്ഷയുടെ അനുഭവത്തിലേക്ക് ഏവരും കടന്നുവരുന്നതിന് അപ്പോസ്തോലിക പ്രബോധനത്തിൽ നിലനിൽക്കുക എന്നത് അനിവാര്യമാണ്. താൻ ഈ രക്ഷയുടെ അപ്പോസ്തോലനും പ്രഘോഷകനുമാണ് എന്ന ഉറച്ച ബോധ്യം പൗലോസ് ശ്ലീഹായ്ക്ക് ഉണ്ടായിരുന്നു (1 തീമോ. 2:7).

യേശുക്രിസ്തുവിന്റെ ഉത്തമ ശുശ്രൂഷകരാകുവാൻ ദൈവത്താൽ വിളിക്കപ്പെട്ടവരാണ് എന്ന ബോധ്യം ഓരോ വൈദികനും ഉണ്ടാകണം. തന്നെ ഭരമേല്പിച്ചിരിക്കുന്ന അപ്പോസ്തോലിക ദൗത്യം കാര്യക്ഷമമായി നിർവഹിക്കുവാൻ ഈ ബോധ്യം വൈദികനെ നിരന്തരം പ്രചോദിപ്പിക്കും. അപ്പോസ്തോലിക വിശ്വാസത്തിൽ നാം ജീവിക്കുമ്പോൾ ദൈവരാജ്യത്തിന്റെ മുന്നാസ്വാദനമാണ് നമുക്ക് ലഭിക്കുന്നത്. ഇത് അനുഭവിച്ചറിഞ്ഞ് വിശുദ്ധിയിൽ വളരുവാനുള്ള ഉത്തമമായ അവസരമാണ് വൈദികർക്ക് ലഭിച്ചിരിക്കുന്നത്. ഈ ബോധ്യത്തോടെ ശ്രദ്ധാപൂർവം അജപാലനം നിറവേറ്റുമ്പോൾ, അപ്പോസ്തോലന്മാരിൽ നിന്നും കൈവെയ്പ്പിലൂടെ നമുക്ക് ലഭിച്ച കൃപാവരം നമ്മിൽ ജ്വലിച്ചുയരും.


സത്യവിശ്വാസ സംരക്ഷകരാകുക

സത്യത്തെക്കുറിച്ചുള്ള അറിവ് അജപാലകർക്ക് അനിവാര്യമാണ് (1 തീമോ. 3:15, 2 തീമോ. 3:7). സഭ സത്യത്തിന്റെ തൂണും കോട്ടയുമാണ് (1 തീമോ. 3:15). വിശ്വാസികളുടെ ആത്മീയ ഉപദേഷ്ടാക്കളും മാർഗ്ഗദർശികളുമായ അജപാലകർ, സ്നേഹത്തെ ഊട്ടിയുറപ്പിക്കുന്നതും നിത്യജീവനിലേക്ക് നയിക്കുന്നതുമായ സത്യസുവിശേഷത്തിന്റെ പ്രബോധകരും അത് ജീവിതത്തിൽ അനുഷ്ഠിക്കുന്നവരും ആയിരിക്കണം. അവർ സത്യവിശ്വാസത്തോടും ക്രിസ്തീയ പ്രബോധനങ്ങളോടും എക്കാലവും വിശ്വസ്തത പുലർത്തേണ്ടതുണ്ട്.

നേതൃത്വത്തിലുള്ളവർ സത്യവിശ്വാസ സംരക്ഷകരും ഉത്തമ ജീവിതശൈലി പുലർത്തുന്നവരും അല്ലെങ്കിൽ, സഭയിൽ തെറ്റായ പ്രവണതകളും ആചാരങ്ങളും കടന്നുകൂടാൻ അത് ഇടയാക്കും. ഇത് സഭയിൽ അനൈക്യത്തിന് കാരണമാകും. അതിനാൽ, സഭയിൽ തർക്കവും വിഘടനവും ഉണ്ടാക്കുന്ന സാഹചര്യങ്ങളെ മുൻകൂട്ടി തിരിച്ചറിയാനും പ്രതിരോധിക്കാനും തക്കസമയത്ത് മുന്നറിയിപ്പുകൾ നൽകാനും ആവശ്യമായ ദീർഘവീക്ഷണവും ഉത്സാഹവും അജപാലകർക്ക് ഉണ്ടായിരിക്കണം.

വ്യാജ പ്രബോധനങ്ങളെ പ്രതിരോധിക്കുക

അപ്പോസ്തോലിക സഭയിലൂടെ പകർന്നു ലഭിച്ച വിശ്വാസസത്യങ്ങളെ



മാറ്റിവയ്ക്കുകയും, വ്യക്തിപരമായ വ്യാഖ്യാനങ്ങളും ആത്മീയ അനുഷ്ഠാനങ്ങളും ശൈലികളും പ്രചരിപ്പിക്കുകയും ചെയ്യുന്നവരുണ്ട്. ലോകത്തിന്റെ മുമ്പാകെ തങ്ങൾ ആത്മീയരാണെന്ന് ഭാവിക്കുന്ന ഇക്കൂട്ടർ അനേകരെ വഴിതെറ്റിക്കുന്നു. സത്യസുവിശേഷത്തെ എതിർക്കുകയും വ്യക്തിപരവും വികലവുമായ ഉപദേശങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നവരെ പൗലോസ് ശ്ലീഹാ നിശിതമായി വിമർശിക്കുന്നുണ്ട് (1 തീമോ. 1:6–10, ഗലാത്യ 1:6–9). തെറ്റായ പ്രബോധനങ്ങൾ വിശ്വാസികളിൽ ആശങ്കയും സംശയങ്ങളും തർക്കങ്ങളും ജനിപ്പിക്കുന്നതിന് കാരണമാകുന്നു. ഇത് വിശ്വാസികളുടെ ആത്മീയജീവിതത്തെ ദുർബലപ്പെടുത്തുകയും സഭയുടെ പുരോഗതിയെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. ദൈവികകൽപ്പനകൾ പാലിക്കാതിരിക്കുന്നതും അവയെ തെറ്റായി വ്യാഖ്യാനിക്കുന്നതും അജപാലകരെയും വിശ്വാസികളെയും ഒരുപോലെ വഴിതെറ്റിക്കും.

അപ്പോസ്തോലിക വിശ്വാസത്തെ തെറ്റായി വ്യാഖ്യാനിക്കുകയും നിരാകരിക്കുകയും ചെയ്യുന്നവർക്ക് ഉചിതമായ ശിക്ഷണം നൽകുന്ന രീതി ആദിമസഭയിലുണ്ടായിരുന്നു (1 തീമോ. 1:18–20). അർഹമായ ശിക്ഷണത്തിലൂടെ അവരെ ഉത്തമ വിശ്വാസജീവിതത്തിലേക്ക് മടക്കിക്കൊണ്ടുവരാൻ ഇത് സഹായിച്ചിരുന്നു. വിശുദ്ധ സഭയുടെ നിലനിൽപ്പിനെത്തന്നെ അപകടത്തിലാക്കുന്ന വികലമായ ആശയങ്ങളെയും ശൈലികളെയും ഇല്ലാതാക്കാൻ നിതാന്ത

ജാഗ്രത അനിവാര്യമാണ്. ശിക്ഷണ നടപടികൾ കാര്യക്ഷമവും ഫലപ്രദവുമാണെങ്കിൽ അത് സഭയ്ക്ക് എന്നും ഉപകാരപ്രദമാകും.

അതിനാൽ, വ്യാജ സുവിശേഷം പ്രചരിപ്പിക്കുന്നവരെ തടയാൻ അജപാലകർ ആർജ്ജവം കാണിക്കണം. വിശ്വാസികൾ വഴിതെറ്റിപ്പോകാതിരിക്കുവാൻ സത്യസുവിശേഷം പ്രബോധിപ്പിക്കുകയും, സ്വജീവിതത്തിലൂടെ ഉത്തമമായ മാതൃക കാണിച്ചുകൊടുക്കുകയും വേണം. വികലമായ സന്ദേശങ്ങൾ, പ്രവൃത്തികൾ, അനുഷ്ഠാനങ്ങൾ എന്നിവയിൽ നിന്നും പിന്മാറാൻ അവരെ ഉപദേശിക്കാനും അജപാലകർ ശ്രദ്ധിക്കണം.

സ്നേഹാധിഷ്ഠിത ജീവിതശൈലി നിലനിർത്തുക

ഈ കാലഘട്ടത്തിൽ ലോകത്തിന് മുമ്പിൽ നമുക്ക് വെളിപ്പെടുത്തുവാൻ കഴിയുന്ന ഉത്തമ ജീവിതശൈലിയാണ് അപ്പോസ്തോലിക ജീവിതശൈലി. ഈ ആത്മീയ ജീവിതശൈലി, പ്രബോധനം, സാമൂഹിക സേവനം മുതലായവയുടെ പരമമായ ലക്ഷ്യം സ്നേഹമായിരിക്കണം. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവ തമ്മിലുള്ള ആഴമായ ബന്ധത്തെക്കുറിച്ച് പൗലോസ് ശ്ലീഹാ തന്റെ ലേഖനങ്ങളിൽ ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട് (1 കോരി. 13:13, 1 തീമോ. 6:11, 2 തീമോ. 1:13).

സഭയെ ഒന്നിപ്പിച്ചു നിർത്തുന്നത് സ്നേഹമാണ്; അപ്പോസ്തോലിക വിശ്വാസവും പ്രബോധനവും സഭാംഗങ്ങൾക്കിടയിൽ സ്നേഹം വളർത്താൻ സഹായിക്കുന്നു. നിഷ്കപടമായ വിശ്വാസം നിർമ്മല മനസ്സാക്ഷിയുമായി ബന്ധപ്പെട്ടിരിക്കുന്നു (1 തീമോ. 3:9). സ്നേഹം കുറയുകയും നിർമ്മല മനസ്സാക്ഷി ദുർബലമാവുകയും ചെയ്യുമ്പോൾ, മനുഷ്യർ വികലമായ ചിന്തകളിലേക്കും വിദ്വേഷജനകമായ ചർച്ചകളിലേക്കും വഴുതി വീഴുന്നു. ഇത് സത്യസുവിശേഷത്തിന്റെ പ്രഖ്യാപനത്തെയും പങ്കുവെക്കലിനെയും പരിമിതപ്പെടുത്തും. അതിനാൽ, അപ്പോസ്തോലിക പ്രബോധനത്തിന്റെ വെളിച്ചത്തിൽ ക്രിസ്തീയ ജീവിതം ക്രമീകരിക്കാൻ ആഗ്രഹിക്കുന്നവർ സ്നേഹത്തിന് പ്രഥമസ്ഥാനം നൽകേണ്ടതുണ്ട്.

ഉത്തമ മാതൃക നിലനിർത്താൻ ജാഗ്രത പുലർത്തുക

അജപാലന ശുശ്രൂഷയിൽ എക്കാലത്തെയും പോലെ ഇന്നും നാം അനവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. അവയിൽ നിന്നും ഓടിയൊളിക്കാതെ ദൈവാശ്രയത്തോടും സത്യവിശ്വാസത്തോടും നിർമ്മലമായ മനസാക്ഷിയോടും സ്ഥിരോത്സാഹത്തോടും കൂടി നാം അവയെ നേരിടണം. മാധ്യമങ്ങളുടെ ഉപയോഗം, ധനവിനിയോഗം, വ്യക്തിബന്ധങ്ങൾ മുതലായവയിൽ നാം നിതാന്ത ജാഗ്രത പുലർത്തേണ്ടതുണ്ട്.

പാപസാഹചര്യങ്ങളിൽ വീണുപോകാതെ വിശുദ്ധിയിൽ നിലനിൽക്കാനും നിർമ്മലമായ ജീവിതശൈലി പാലിക്കുന്നതിനും നാം സദാ ഒരുക്കമുള്ളവരാകണം. ആത്മീയ ശുശ്രൂഷയെ ഭൗതിക സുഖത്തിനോ ധനസമ്പാദനത്തിനോ സ്ഥാനവും ആദരവും നേടുന്നതിനോ ഉള്ള ഒരു വേദിയായി കാണുന്നത് അങ്ങേയറ്റം അപലപനീയമാണ്. ഈ പശ്ചാത്തലത്തിൽ, ഒരു അജപാലകൻ തന്റെ ജീവിതത്തിൽ അപ്പോസ്തോലിക വിശ്വാസം അനുഭവിച്ചറിഞ്ഞു പകരുമ്പോഴാണ് അതിന് കരുത്തുണ്ടാവുകയുള്ളൂ. ഓരോ വിശ്വാസിയും ദൈവകല്പന പാലിച്ച് നിർമ്മലമായ ഭക്തിജീവിതം നയിക്കുന്നുവെന്ന് ഉറപ്പാക്കാൻ അജപാലകർ എപ്പോഴും പരിശ്രമിക്കണം.

കേവലം മാനുഷികമായ പ്രവർത്തനങ്ങളും നേതൃത്വവും വഴി മാത്രം സഭയിൽ അപ്പോസ്തോലിക വിശ്വാസം നിലനിർത്തുക സാധ്യമല്ല. അതിന് ദൈവാത്മാവിന്റെ പ്രചോദനവും നിരന്തരമുള്ള ഇടപെടലും ശക്തീകരണവും അനിവാര്യമാണ്. ഈ മഹത്തായ ദൗത്യം നിർവ്വഹിക്കാൻ വൈദികസമൂഹത്തിന് ആവശ്യമായ ദൈവികബലം ലഭിക്കുന്നതിനായി വിശ്വാസികൾ എപ്പോഴും പ്രാർത്ഥിക്കേണ്ടതുണ്ട്. അജപാലകർ വിശ്വാസികളുടെ പ്രാർത്ഥന എന്നും തേടണം.

അപ്പോസ്തോലിക ജ്വാല

ഡോ. കെ. എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്കോപ്പ
(സഭാ വർക്കിംഗ് കമ്മിറ്റിയംഗം)

"എന്നോടു കേട്ട പത്ഥ്യവചനം നീ ക്രിസ്തുയേശുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കിക്കൊൾക. ആ നല്ല ഉപനിധി നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിനാൽ സൂക്ഷിച്ചുകൊൾക." (2 തീമോത്തിയോസ് 1:13-14).

എന്താണ് അപ്പോസ്തോലിക ജ്വാല?

അപ്പോസ്തോലിക ജ്വാല എന്താണ് എന്ന് മനസ്സിലാക്കുന്നതിന്, പരിശുദ്ധനായ പൗലോസ് ശ്ലീഹാ തിമോത്തിയോസിന് എഴുതിയ രണ്ടാം ലേഖനം ഒന്നാം അധ്യായം 1 മുതൽ 14 വരെയുള്ള വാക്യങ്ങൾ വായിക്കുകയും അതിന്റെ പശ്ചാത്തലം മനസ്സിലാക്കുകയും ചെയ്യേണ്ടതുണ്ട്. ചിന്താവിഷയമായി നൽകിയിരിക്കുന്ന വാക്യത്തിൽനിന്നും വെളിപ്പെടുന്ന പ്രധാന ആശയങ്ങൾ ചുവടെ നൽകുന്നു.

1. സുവിശേഷത്തോടുള്ള സമ്പൂർണ്ണ സമർപ്പണം (Total Devotion to the Gospel).

2 തീമോ. 1:8-ൽ ഇപ്രകാരം പറയുന്നു: 'നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധനായ എന്നെയും കുറിച്ചു ലജ്ജിക്കാതെ, സുവിശേഷത്തിനായി ദൈവശക്തിക്കു ഒത്തവണ്ണം നീയും എന്നോടു കൂടെ കഷ്ടം സഹിക്ക.'

2. പരിശുദ്ധ സഭയോടും അപ്പോസ്തോലിക പിന്തുടർച്ചയോടുമുള്ള കൂറ് (Total Devotion to the Church and its Apostolic Succession).



2 തീമോ. 1:6-ൽ കാണുന്നു: 'എന്റെ കൈവയ്പ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു.' യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിന്റെ തുടർച്ചയാണ് പരിശുദ്ധ സഭ. ക്രിസ്തുവിനെയും സഭയെയും വേർതിരിക്കുവാൻ കഴിയുകയില്ല. സഭയോടുള്ള

കൂറും സ്നേഹവും അടുപ്പവും അപ്പോസ്തോലിക ജ്വാലയുടെ ഭാഗമാണ്.

3. അപ്പോസ്തോലിക പാരമ്പര്യത്തോടുള്ള ഗാഢമായ ബന്ധം (Total Devotion to the Apostolic Traditions).

2 തീമോ. 1:13-ൽ 'എന്നോടു കേട്ട പഥ്യവചനം' എന്ന പ്രയോഗം അപ്പോസ്തോലിക പാരമ്പര്യത്തോടുള്ള ഈ ബന്ധത്തെയാണ് സൂചിപ്പിക്കുന്നത്.

4. പ്രാർത്ഥനയും മധ്യസ്ഥതയും ശോഭിപ്പിക്കുന്ന ജീവിതം (A Life of Prayer and Intercession).

2 തീമോ. 1:3-ൽ സകല സൃഷ്ടികളുടെയും വിമോചനത്തിനും രക്ഷയ്ക്കും വേണ്ടി പ്രാർത്ഥിക്കുന്ന പൗലോസിനെ കാണാം.

5. അനുഗ്രഹീതമായ കണ്ണുനീർ (The Blessed Tears).

2 തീമോ. 1:3-ൽ 'നിന്റെ കണ്ണുനീർ ഓർത്തു' എന്നത് ആത്മീയമായ അനുതാപത്തിന്റെയും തീക്ഷ്ണതയുടെയും കണ്ണുനീർ ഒഴുക്കാനുള്ള ആത്മീയ പ്രേരണയെ സൂചിപ്പിക്കുന്നു.

6. വിശുദ്ധ ജീവിതം നയിച്ച പൂർവികരുടെ മാതൃക (The Models of Our Fathers and Mothers).

2 തീമോ. 1:5-ൽ തീമോത്തിയോസിന്റെ പൂർവികരായ അമ്മ യൂനിക്കായെയും വല്യമ്മ ലോവീസിനെയും പൗലോസ് ശ്ലീഹാ സ്മരിക്കുന്നുണ്ട്. ദൈവത്തിൽ ആശ്രയിച്ചു ജീവിച്ച പൂർവികരുടെ മാതൃക ഉൾക്കൊള്ളുകയും അതിന്റെ അടിസ്ഥാനത്തിൽ നിർമ്മല മനസ്സാക്ഷിയോടെ ആരാധനാജീവിതം നയിക്കുകയും ചെയ്യണം. സത്യവിശ്വാസത്തിന്റെ ചങ്ങലയിലെ കണ്ണികളാണ് നാം. പൂർവികരിൽ നിന്നും നമുക്ക് ലഭിച്ച വിശ്വാസദീപ്തി അണയാതെ കാത്തു സൂക്ഷിക്കണം.

7. പരിശുദ്ധാത്മാവിന്റെ വഴി നടത്തലിലുള്ള ജീവിതം (A Life under the Guidance of the Holy Spirit).

2 തീമോ. 1:14-ൽ 'നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിനാൽ' എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ഇത് ദൈവാത്മാവിന്റെ വഴിനടത്തലിനെ സൂചിപ്പിക്കുന്നു.

8. സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും ജ്വാല (The Flame of Love and Affection).

2 തീമോ. 1:1-ൽ 'പ്രിയ മകനെ' എന്നാണ് പൗലോസ് ശ്ലീഹാ തീമോത്തിയോസിനെ അഭിസംബോധന ചെയ്യുന്നത്. അത് സ്വാർത്ഥരഹിതവും ആഴമേറിയതുമായ ക്രൈസ്തവ സ്നേഹത്തെ വെളിപ്പെടുത്തുന്നു.

വേദശാസ്ത്ര വിഷയങ്ങൾ, ആരാധനാക്രമങ്ങളിലെ വ്യത്യാസങ്ങൾ, സഭാനിയമങ്ങൾ, പ്രാദേശികവാദം തുടങ്ങിയ വിഷയങ്ങളുടെ പേരിൽ മനുഷ്യർ പരസ്പരം അകലുന്ന ഒരു കാലമാണിത്. എന്നാൽ, സ്നേഹത്തിൽ ഒന്നാകാനാണ് നാം പരിശ്രമിക്കേണ്ടത്. ബൗദ്ധികമായ മികവുകൊണ്ട് മാത്രം സ്നേഹം വർദ്ധിക്കണമെന്നില്ല; മറിച്ച് പരസ്പരമുള്ള ഐക്യബോധമാണ് (Mutual belongingness) നമുക്ക് അനിവാര്യം. സ്നേഹത്തിനും കരുതലിനും അനന്തമായ സാധ്യതകളാണുള്ളത്. യേശുക്രിസ്തു നമ്മെ സ്നേഹിച്ചതുപോലെ, വിശ്വാസികളുടെ ആത്മീയ പിതാവായ പുരോഹിതൻ എല്ലായ്പ്പോഴും ദൈവീക സ്നേഹം വിശ്വാസസമൂഹത്തിന് പകർന്നുനൽകണം.

അപ്പോസ്തോലിക ജ്വാലയും പരിശുദ്ധാത്മാവും

അപ്പോസ്തോലിക ജ്വാലയും പരിശുദ്ധാത്മാവ് നമ്മിൽ നിക്ഷേപിച്ചിരിക്കുന്ന 'നല്ല ഉപനിധിയും' (നിക്ഷേപം, deposit, 2 തീമോ. 1:14) കാത്തുസൂക്ഷിക്കുന്നത് പരിശുദ്ധ റൂഹായാണ്. പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ വിശ്വാസികളെ വിവിധ രീതികളിൽ സ്വാധീനിക്കുന്നു.

പരിശുദ്ധ റൂഹാ വിശ്വാസികളെ വിശുദ്ധീകരിക്കുന്നു (2 തെസ്സ. 2:13). നമ്മെ നിത്യജീവന്റെ അവകാശികളാക്കുന്നു (തീത്തോസ് 3:6-7). നമ്മെ ദൈവസാദൃശ്യത്തിലേക്ക്, അതായത് മഹത്വത്തിൽ നിന്ന് മഹത്വത്തിലേക്ക് നയിക്കുന്നു (2 കൊരി. 3:18). നമുക്കുവേണ്ടി അപേക്ഷിക്കുകയും മധ്യസ്ഥത വഹിക്കുകയും ചെയ്യുന്നു (റോമർ 8:26). നമ്മിൽ വസിച്ചു സകലവും നമുക്ക് ഉപദേശിച്ചു തരുന്നു (യോഹ. 14:26). പാപം, നീതി, ന്യായവിധി എന്നിവയെക്കുറിച്ച് ബോധ്യം നൽകുന്നു (യോഹ. 16:7-8).

ലോകത്തിന്റെ എല്ലായിടത്തും സുവിശേഷത്തിന്റെ സാക്ഷികളാകാൻ പരിശുദ്ധ റൂഹാ നമ്മെ ശക്തീകരിക്കുന്നു (അപ്പോ. 1:8). സമൂഹത്തിന്റെ നന്മയ്ക്കായി പ്രവർത്തിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു (1 കൊരി 12:7). ബദ്ധന്മാർക്ക് വിടുതലും അന്ധന്മാർക്ക് കാഴ്ചയും പീഡിതർക്ക് മോചനവും നൽകുന്നതിനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിക്കുന്നതിനുമായി അയക്കുന്നു (ലൂക്കോ. 4:16-21, യെശയ്യാ. 61:1-2). ഇപ്രകാരം വിമോചനത്തിന്റെ ശംഖൊലി പരിശുദ്ധാത്മാവ് മുഴക്കുന്നു.

ആശ്വാസകനായ (കാര്യസ്ഥനായ) പരിശുദ്ധാത്മാവ് (യോഹ 14:15-17) നമുക്ക് പുതിയ ഊർജ്ജവും ദിശാബോധവും നൽകുന്നു. നമ്മുടെ വിശുദ്ധീകരണത്തിന്റെയും അടിസ്ഥാനം പരിശുദ്ധാത്മാവാണ്. നമ്മെ ദൈവീകരിക്കുന്നതിനുള്ള കാരണമായി പരിശുദ്ധ റൂഹാ നിലകൊള്ളുന്നു. ക്രിസ്തുവിൽ അടിസ്ഥാനമുറപ്പിച്ചു വളരാൻ സഭയെ ശക്തിപ്പെടുത്തുന്നതും സൃഷ്ടിയുടെ താളവും ലയവും (Harmony) നിലനിർത്താൻ സഹായിക്കുന്നതും റൂഹായാണ്.

പരിശുദ്ധാത്മാവിന്റെ ജീവനിലും ഫലത്തിലും പങ്കുചേരുന്ന സമൂഹമാണ് പരിശുദ്ധ സഭ. അതിനാൽ, അപ്പോസ്തോലിക ജ്വാല സഭയിൽ സജീവമായി നിലനിർത്തുന്നത് പരിശുദ്ധാത്മാവാണെന്ന് വ്യക്തമാണ്. ദൈവീക രഹസ്യങ്ങളുടെ പരികർമ്മികളാകാൻ നമ്മെ സഹായിക്കുന്നതിനോടൊപ്പം, ഉചിതമായ വിധത്തിൽ കാലഘട്ടത്തെ അഭിസംബോധന ചെയ്യുവാനും പരിശുദ്ധാത്മാവ് നമ്മെ പ്രാപ്തരാക്കുന്നു.

യേശുക്രിസ്തുവിന്റെ ശുശ്രൂഷയും അതിന്റെ തുടർച്ചയും

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ശുശ്രൂഷയുടെ തുടർച്ചയാണ് ഓരോ ക്രിസ്തീയ പുരോഹിതനും നിർവഹിക്കാനുള്ളത്. യേശു ദാസനായി ത്തീർന്നു (*doulos*, *servant*, ഫിലി 2:7, മത്തായി 12:17, അപ്പോ. 3:13). അവൻ ഗുരുവായിരുന്നു (*Didasclos, teacher,* യോഹ. 3:2). അവൻ നല്ല ഇടയനായിരുന്നു (*Poimenos, Shepherd*, 2 പത്രോ. 2:25). നല്ല ഇടയന്റെ സവിശേഷതകൾ വിശുദ്ധ യോഹന്നാൻ എഴുതിയ സുവിശേഷം പത്താം അധ്യായത്തിൽ വിവരിക്കുന്നുണ്ട്. ഗുരുവും ഇടയനുമായ യേശുവിനെ പിൻപറ്റി ദാസഭാവം സ്വീകരിക്കുകയാണ് പുരോഹിതർക്ക് അഭികാമ്യം.

ഇടയ ശുശ്രൂഷയും വെല്ലുവിളികളും

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അതിപ്രസരവും, ജെൻ-സീ (Gen Z) മുതൽ ജെൻ-ആൽഫ വരെയുള്ള തലമുറകളുടെ മാറ്റങ്ങളും, പരിസ്ഥിതിനാശവും, യുദ്ധങ്ങളും, വർദ്ധിച്ചുവരുന്ന കുടിയേറ്റങ്ങളും നിറഞ്ഞ ഈ കാലഘട്ടത്തിൽ നാം നേരിടുന്ന വെല്ലുവിളികളെയും അപചയങ്ങളെയും ശുദ്ധ മനസ്സാക്ഷിയോടെ പ്രാർത്ഥനാപൂർവ്വം വിലയിരുത്താൻ നമുക്ക് കഴിയണം. സമയനിഷ്ഠയില്ലായ്മ, ദൈവവചന പ്രഘോഷണത്തിലെ അലസത, അധാർമ്മികത, സ്വകാര്യ ജീവിതത്തിലെ വൈകല്യങ്ങൾ, പൊങ്ങച്ചം, ആഡംബരത്തോടുള്ള അമിത താല്പര്യം, സാമ്പത്തിക കാര്യങ്ങളിലെ ക്രമക്കേടുകൾ, സംഭാഷണങ്ങളിലെ നിയന്ത്രണമില്ലായ്മ എന്നിവ വൈദികരിൽ വർദ്ധിച്ചു വരുന്നു.

കൂദാശകളിലും മറ്റ് ശുശ്രൂഷകളിലും നിഷ്ഠയില്ലാതെയും അലസതയോടും കൂടി പങ്കെടുക്കുന്ന പ്രവണത കണ്ടുവരുന്നു. യാമനമസ്കാരങ്ങൾ, നോമ്പ്, ഉപവാസം, ധ്യാനം എന്നിവ മുടക്കുന്നു. കുടുംബപ്രാർത്ഥന പുരോഹിതനും സഭാസമൂഹത്തിനും നൽകുന്ന ശക്തിയെ നാം വിസ്മരിക്കുന്നു. ആരാധനയിലെ അച്ചടക്കമില്ലായ്മയും അർത്ഥം ഗ്രഹിക്കാതെ സ്ഫുടമല്ലാതെ പ്രാർത്ഥനകൾ ചൊല്ലുന്നതും ഗീതങ്ങൾ ആലപിക്കുന്നതും വലിയ പോരായ്മകളാണ്.

വായനയുടെയും പഠനത്തിന്റെയും കുറവ് വചനശുശ്രൂഷകളിലും ധ്യാനങ്ങളിലും പ്രകടമാകുന്നു. സത്യവിശ്വാസം അടുത്ത തലമുറയ്ക്ക് പകർന്നു നൽകാനുള്ള താല്പര്യവും സുവിശേഷതീക്ഷ്ണതയും കുറഞ്ഞു വരുന്നു. സഭയുടെ ആത്മീയ സംഘടനകളിൽ സഹകരിക്കാതെ വിട്ടുനിൽക്കുന്ന രീതിയും കണ്ടുവരുന്നു.

സഹാനുഭൂതിയില്ലാത്ത കഠിനമനസ്സും പൊതുമര്യാദകൾ പാലിക്കാത്ത സ്വഭാവരീതികളും ഉണ്ടാകുന്നു. സമ്പന്നരോട് താല്പര്യം കാണിക്കുമ്പോൾ ദരിദ്രരെയും കഷ്ടപ്പെടുന്നവരെയും അവഗണിക്കുന്നു. സഭയിൽ നിന്ന് അകന്നുപോകുന്നവരെ തേടിപ്പിടിക്കാൻ ശ്രമിക്കുന്നില്ല. മറ്റുള്ളവരെ വിമർശിക്കാൻ കാണിക്കുന്ന മിടുക്ക് ആത്മവിമർശനത്തിന്റെ കാര്യത്തിൽ ഇല്ലാത്തതിനാൽ

പിഴവുകൾ വർദ്ധിക്കുന്നു. ത്യാഗം സഹിക്കാൻ പലർക്കും വൈമനസ്യമാണ്.

പൊതുയോഗങ്ങളിലും ഭരണസമിതി മീറ്റിങ്ങുകളിലും തയ്യാറെടുപ്പില്ലാതെയും സമയക്രമം പാലിക്കാതെയും പങ്കെടുക്കുന്നു. അനാവശ്യമായ ധൃതിയും, പൊതുസമൂഹത്തിലും സോഷ്യൽ മീഡിയയിലും ശ്രദ്ധിക്കപ്പെടാനും 'ശ്രേഷ്ഠൻ' എന്ന് പേരെടുക്കാനുമുള്ള അമിത ആഗ്രഹവും അപകടകരമാണ്. ശരീരശുചിത്വത്തിലും വസ്ത്രധാരണത്തിലും കാണിക്കുന്ന ശ്രദ്ധക്കുറവും സഭയ്ക്ക് പേരുദോഷമുണ്ടാക്കുന്നു. ഇത്തരത്തിലുള്ള പെരുമാറ്റരീതികൾ സഭയ്ക്കും സമൂഹത്തിനും വലിയ പ്രതിസന്ധിയും മുരടിപ്പും ഉണ്ടാക്കുന്നു എന്നത് നാം തിരിച്ചറിയണം.

ആത്മവിശ്വാസത്തോടെ പ്രതിസന്ധികളെ തരണം ചെയ്യാം

വിശുദ്ധ കൂദാശകൾ ഭക്തിയോടെ നിർവഹിക്കുന്നതുവഴി ജീവിക്കുന്ന പരിസരങ്ങളെ രൂപാന്തരപ്പെടുത്തുവാൻ (Sacramental presence) പുരോഹിതർക്ക് സാധിക്കും. ആരാധനകളിലും ശുശ്രൂഷകളിലും അനുഷ്ഠാനപരമായ കൃത്യത (ritualistic perfection) ഉണ്ടാകണം. ഓരോ ശുശ്രൂഷയും ഏറ്റവും സുപ്രധാനമാണെന്ന ബോധ്യത്തോടെ നിർവഹിക്കണം. മധ്യസ്ഥ പ്രാർത്ഥനയും ഉപവാസവും യാമനമസ്കാരങ്ങളും പുരോഹിതന്റെയും വിശ്വാസികളുടെയും ആത്മീയ വർദ്ധനയ്ക്ക് കാരണമാകും. വൈദികർ ശാന്തതയും (tranquillity), ആന്തരിക ജാഗ്രതയും (inner watchfulness) ഉള്ളവരാകണം. ഒപ്പം ദൈവത്തോടുള്ള കൂട്ടായ്മ ആഴപ്പെടുത്താൻ തപസ്സിനോട് (Ascetic attraction) ആഭിമുഖ്യമുള്ളവരാകുകയും വേണം.

സുവിശേഷത്തോടുള്ള പ്രതിബദ്ധത എക്കാലവും പുരോഹിതർക്ക് ഉണ്ടാകണം. സത്യവിശ്വാസ സംരക്ഷണം പുരോഹിതരുടെ സുപ്രധാന ദൗത്യമാണ്. വിശുദ്ധ ഗ്രന്ഥത്തിന്റെയും പിതാക്കന്മാരുടെ രചനകളുടെയും വെളിച്ചത്തിൽ അത് നിർവഹിക്കുവാൻ പ്രാപ്തരാകണം. ജനങ്ങളുടെ ഹൃദയങ്ങളെ സ്പർശിക്കുന്ന പ്രസംഗങ്ങൾ തയ്യാറാക്കാനും അവ അവതരിപ്പിക്കുവാനും മികച്ച ആശയസംവേദന പാടവം (good communication skill) അനിവാര്യമാണ്. വേദവിപരീതങ്ങൾക്കെതിരെ സദാ ജാഗ്രത പുലർത്തണം; അവയെ അമർച്ച ചെയ്ത് സത്യവിശ്വാസം നിലനിർത്താനും പ്രഘോഷിക്കുവാനും ഒട്ടും അമാന്തിക്കരുത്. വൈജ്ഞാനിക മേഖലകളിൽ വൈദികർ എക്കാലവും പ്രഥമ സ്ഥാനത്തുണ്ടായിരുന്നു. അതിനാൽ, അറിവിന്റെ നിറവിൽ താഴ്മയുള്ള ഭാവം (learned ignorance, no ecclesiastical ego) കൈമുതലാക്കണം.

ദീനാനുകമ്പയുള്ള മനസ്സ് (a compassionate heart) വൈദികന്റെ ശുശ്രൂഷയെ കൂടുതൽ ഹൃദ്യമാക്കും. ക്രിസ്തുവിന്റെ സാന്ത്വനസ്പർശനം (therapeutic presence, healing touch) ഒരു വൈദികനിൽ നിന്നുണ്ടാകുന്നത് ലോകത്തിന് വലിയ ആശ്വാസമാകും. സാമ്പത്തികവും ശാരീരികവും മാനസികവുമായ ബലഹീനതകൾ അനുഭവിക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകുകയും, അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ പരിശ്രമിക്കുകയും ചെയ്യണം. ദുഃഖിതരായ കുടുംബങ്ങൾക്കൊപ്പം കൂടുതൽ സമയം ചെലവിട്ട് അവർക്ക് ആശ്വാസം പകരുകയും സ്നേഹത്തിന്റെ അനന്തസാധ്യതകൾ കണ്ടെത്തുകയും വേണം.

വേദനകളും പരാതികളും നിരാശകളും പങ്കുവെയ്ക്കാൻ എത്തുന്നവരെ ക്ഷമയോടെ കേൾക്കാൻ (Be a good listener) പുരോഹിതർ തയ്യാറാകണം. ഒരു ഉത്തമ കുമ്പസാര പിതാവിന് (Father Confesssor) വിശ്വാസികളെ സമഗ്രമായ സൗഖ്യത്തിലേക്ക് നയിക്കാൻ കഴിയും. അനുതാപത്തിന്റെ കണ്ണുനീർ (tears of repentance) എന്നും ആശ്വാസമേകും.

മാന്യതയോടെയുള്ള ഇടയ ശുശ്രൂഷയ്ക്ക് മുൻഗണന നൽകണം. വൈകാരിക പക്വത (Emotional maturity) നഷ്ടമാകുമ്പോൾ വൈദികരും വിശ്വാസികളും തമ്മിലുള്ള ബന്ധം വഷളാകുമെന്ന് ഓർക്കണം. പ്രതിസന്ധികളിലും സമ്മർദ്ദവേളകളിലും പ്രസന്നത കൈവിടരുത്. കർത്താവിൽ എപ്പോഴും സന്തോഷിക്കുന്നവർക്കേ ഇത് സാധ്യമാകൂ. ഇതിന് ക്രിയാത്മകമായ നർമ്മബോധം (Creative humour) വളരെയേറെ സഹായകരമാണ്. അവഹേളനങ്ങളും തിരസ്കരണങ്ങളും നേരിടേണ്ടി വന്നാലും അവയോട് പ്രസാദാത്മകമായ നിലപാട് സ്വീകരിക്കണം.

ധനകാര്യങ്ങളിൽ വിശ്വസ്തതയും ജാഗ്രതയും (Accountability and economic discipline) ഉറപ്പുവരുത്തണം. ലാളിത്യത്തിന്റെ സംസ്കാരം (Culture of simplicity) കൈമുതലാക്കി, എല്ലാവർക്കും സമീപിക്കാൻ കഴിയുന്ന വിധം (Accessibility) ലളിതമായ ജീവിതശൈലി സ്വീകരിക്കണം.

സമയക്രമീകരണത്തിലുള്ള നൈപുണ്യവും (Time management skill) പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കഴിവും (Crisis management skill) ഒരു വൈദികന് ആദരവ് നേടിക്കൊടുക്കും. തീരുമാനങ്ങളിൽ വിവേകവും പ്രായോഗിക ജ്ഞാനവും (Practical wisdom) പുലർത്തണം. സഹപ്രവർത്തകരെയും മറ്റുള്ളവരെയും ചേർത്തുനിർത്തി പ്രവർത്തിക്കുന്ന 'ടീം സ്പിരിറ്റ്' (Team spirit) ഉണ്ടാകണം. വിജയങ്ങളുടെ ഖ്യാതി സ്വന്തമായി ഏറ്റെടുക്കാതെ, അനേകരുടെ സഹകരണവും സാന്നിധ്യവുമാണ് ആ നേട്ടങ്ങൾക്ക് പിന്നിലെന്ന് തിരിച്ചറിയണം.

പ്രലോഭനങ്ങളെ ജാഗ്രതയോടെ കാണണം. ശിക്ഷണവും അനുസരണവുമുള്ള ജീവിതം (Disciplined and obedient life) നയിക്കാൻ സന്നദ്ധരാകണം. ആത്മനിയന്ത്രണം ആത്മീയ ശക്തി നൽകും. വിശുദ്ധ ജീവിതം നയിക്കുന്നവരുടെ മാർഗനിർദ്ദേശങ്ങൾ തേടാനും പാപത്തിന്റെ പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും ശ്രമിക്കണം. താല്ക്കാലിക സുഖങ്ങളിൽ മുഴുകാതെ നിത്യമായ സന്തോഷത്തിനായി പരിശ്രമിക്കണം. വിശുദ്ധി, ആത്മത്യാഗം, കരുണ, ദീനാനുകമ്പ, ദൈവിക സ്നേഹം, സാന്മാർഗികത, നീതിബോധം എന്നിവയാണ് അപ്പോസ്തോലിക ജ്വാല; നാം അതിന്റെ കാവൽക്കാരാകണം.



നുഹ്റോ 2026. ബാലസമാജം കോട്ടയം ഭദ്രാസന വാർഷിക ക്യാമ്പ് ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ സമീപം.




മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ (MGOCSM) ആഭിമുഖ്യത്തിൽ 'തണൽ' സ്വയംതൊഴിൽ പദ്ധതിയുടെ ഭാഗമായി സൗജന്യ തയ്യൽമെഷീൻ വിതരണം നടത്തി. ഉത്ഘാടനം പ്രസിഡന്റ് ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്താ നിർവഹിച്ചു. വിദ്യാർത്ഥിപ്രസ്ഥാനം സീനിയർ വൈസ് പ്രസിഡന്റ് ഡോ. ജേക്കബ് ജോൺ അധ്യക്ഷത വഹിച്ചു.

ക്രിസ്തുവിനെയും വിശുദ്ധ വേദപുസ്തകത്തെയും സ്നേഹിച്ച പോൾ സിനിരാജ്

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

ക്രിസ്തുവിനോടും വിശുദ്ധ വേദപുസ്തകത്തോടുമുള്ള ഭക്തിയും ആരാധനയുമാണ് പോൾ സിനിരാജ് മുഹമ്മദിനെ ക്രിസ്തീയ മാർഗത്തോട് അടുപ്പിച്ചത്. മലങ്കരസഭയുടെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായിലൂടെ തന്റെ ആഗ്രഹം അദ്ദേഹം പൂർത്തീകരിച്ചു. സഭയുടെ മാങ്ങാനം എബനേസർ ഓർത്തഡോക്സ് പള്ളിയിൽ അംഗമായി. കേരളത്തിനകത്തും പുറത്തുമുള്ള മിക്ക ദേവാലയങ്ങളിലും പോൾ സിനിരാജ് മുഹമ്മദിലൂടെ സുവിശേഷം എത്തിയിട്ടുണ്ട്. വേദപുസ്തകത്തെക്കുറിച്ച് ആഴത്തിലുള്ള അറിവ് അദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും പുസ്തകങ്ങളിലും പ്രകടമായിരുന്നു. വേദപുസ്തക വ്യാഖ്യാനങ്ങളെ കൺവൻഷൻ വേദികളിൽ ആത്മീയ നിറവോടെ എത്തിച്ച മികച്ച സുവിശേഷകനായ അദ്ദേഹത്തിന് അനേകരിൽ പ്രത്യാശയുടെ സന്ദേശമെത്തിക്കാൻ കഴിഞ്ഞു. പോൾ സിനിരാജ് മുഹമ്മദിന്റെ വേർപാടിലൂടെ ഒരു കാലഘട്ടത്തിന്റെ അൽമായ സുവിശേഷ ശബ്ദത്തെയാണ് നമുക്ക് നഷ്ടമാകുന്നത്.



പോൾ സിനിരാജ് മുഹമ്മദ് അന്തരിച്ചു

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിലെ അൽമായ സുവിശേഷ പ്രസംഗകരിൽ ശ്രദ്ധേയനായ മാങ്ങാനം ബസീലിയായിൽ പോൾ സിനിരാജ് മുഹമ്മദ് (72) അന്തരിച്ചു.

മലങ്കര സഭയുടെ കേരളത്തിനകത്തും പുറത്തുമുള്ള അനേക ദേവാലയങ്ങളിൽ ദൈവ വചനം പ്രസംഗിച്ച വ്യക്തിയാണ് പോൾ സിനിരാജ് മുഹമ്മദ്. വിശുദ്ധ വേദപുസ്തകത്തെ സംബന്ധിച്ച് അവഗാഹം നേടിയിട്ടുള്ള വ്യക്തിയും നിരവധി പുസ്തകങ്ങളുടെ രചയിതാവുമാണ്.

ഭാര്യ: മേഴ്സി സിനിരാജ്. മക്കൾ: ബെസ്‌ലി, ഹെപ്സി, ലെസ്‌ലി. മരുമക്കൾ: മനു, നീതു.

സംസ്കാരം മാങ്ങാനം എബനേസർ ഓർത്തഡോക്സ് പള്ളിയിൽ നടന്നു.

മരണത്തിൽ നിന്നും രൂപാന്തരത്തിലേക്ക്

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

പ്രശസ്ത സുവിശേഷ പ്രസംഗകനും എഴുത്തുകാരനും സാമൂഹിക പ്രവർത്തകനുമായ പോൾ സിനിരാജ് *മരണവും രൂപാന്തരവും* എന്ന കൃതിയിൽ മനുഷ്യ ജീവന്റെ പ്രാരംഭവും മരണാനന്തരം ആത്മ ശരീരങ്ങളുടെ അവസ്ഥയും ബൈബിളിന്റെയും ശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ പ്രപഞ്ച സൃഷ്ടി മുതൽ മനുഷ്യ ജീവിതവും മരണാനന്തരം നിത്യ ജീവിതവും സവിസ്തരം പ്രതിപാദിക്കുന്നു. നിരന്തരമായ ബൈബിൾ വായനയുടെയും പഠനത്തിന്റെയും അടിസ്ഥാനത്തിലാണ് വിഷയവിശകലനം ഭദ്രമായി ആവിഷ്ക്കരിച്ചിരിക്കുന്നത്.

ജീവനും മരണവും രണ്ട് ധ്രുവങ്ങളാണ്. ജനിച്ചാൽ മരിക്കും. അത് ഒരു യാഥാർത്ഥ്യമാണ്. മരണത്തിലൂടെ ഭൗതീകവും ജഡികവുമായ ബന്ധങ്ങൾ വേർപെടുന്നെങ്കിലും ആത്മീയ ബന്ധം നിലനിർത്തുന്നു. മനുഷ്യസൃഷ്ടിയിൽ പാപം മൂലം മരണം പ്രവേശിച്ചു. ദൈവ-മനുഷ്യ ബന്ധത്തിന്റെ വിച്ഛേദം പാപത്തിന്റെ പരിണിതഫലമാണ്. എന്നാൽ പാപ-മരണത്തിൽ നിന്നും സൃഷ്ടിയെ വീണ്ടെടുത്തത് ക്രിസ്തുവിലൂടെയാണ്. ക്രിസ്തുവിലുള്ള വിശ്വാസവും സാക്ഷ്യവും മരണത്തെ കീഴടക്കാൻ വിശ്വാസിയെ സജ്ജമാക്കുന്നു. ഉത്തമ ക്രിസ്തീയ വിശ്വാസത്തിൽ ജീവിക്കുന്നവർ മരണത്തെ ഭയപ്പെടുന്നില്ല. മരണത്തിന്റെ നാളും നാഴികയും അറിയാത്തതിനാൽ ആത്മീയമായി എപ്പോഴും ഉണർന്നിരിക്കുന്നു.

മരണത്തെ രൂപാന്തരത്തിലേക്ക് നയിച്ചതാണ് ക്രിസ്തുവിന്റെ സാക്ഷ്യമരണവും ഉയിർപ്പും. ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ മരണത്തിൽ ആത്മീയ പങ്കാളികളായതിനാൽ നിത്യ ജീവന്റെ അവകാശത്തിലേക്ക് വിശ്വാസികൾ രൂപാന്തരപ്പെടുന്നു. ക്രിസ്തുവിന്റെ ശരീര-രക്താനുഭവങ്ങളിൽ ആത്മീകമായി പങ്കാളിയാകുമ്പോൾ നിത്യജീവന്റെ അനുഭവം ലഭ്യമാകുന്നു. ക്രിസ്തീയ ആദ്ധ്യാത്മിക ശിക്ഷണത്തിലും ആരാധനാനുഭവത്തിലും ക്രിയാത്മകമായി പങ്കുചേരുമ്പോൾ ക്രിസ്തുവിന്റെ തിരുശരീര രക്തങ്ങൾ വിശ്വാസികളിൽ ഉൾക്കൊള്ളുന്നതുകൊണ്ട് മരണം വഴി പുതിയ ജീവന്റെ പ്രത്യാശയിലേയ്ക്കുള്ള പ്രവേശനം ലഭ്യമാകുന്നു. അർത്ഥപൂർണ്ണമായ ആരാധനാനുഷ്ഠാനങ്ങളും ക്രിസ്തുവിലുള്ള വിശ്വാസ ബോധ്യവും മരണത്തെ അതിജീവിച്ച് രൂപാന്തരപ്പെടുവാനുള്ള സാധ്യത വെളിപ്പെടുത്തുന്നു.



ഭൗതിക ജീവിതത്തിൽ നിന്നും മരണം വഴി വേർപെടുന്ന വ്യക്തി ആത്മീയ ലോകത്തിൽ സജീവതയോടും സുബോധത്തോടും ജീവിക്കുന്നതായി ബൈബിൾ സാക്ഷിക്കുന്നു. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെ ഉത്തമ വിശ്വാസികൾ മരണാനന്തരവും സജീവരാകുന്നു. താബോർ മലയിൽ മോശയും ഏലിയാവും സംസാരിച്ചതുപോലെ മരണശേഷവും ജീവനോടും പ്രാർത്ഥനയോടും പ്രത്യാശയോടും ഇരിക്കുന്നു. ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും ക്രിസ്തുവിനെ പ്രസാദിപ്പിക്കുന്നു (2 കൊരി. 5:8) എന്ന പൗലോ

സിന്റെ സാക്ഷ്യം മരണത്തിന്റെയും രൂപാന്തരത്തിന്റെയും നേർക്കാഴ്ചയാണ്. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുവരെ സ്വർഗീയ പൗരത്വം വാഞ്ഛിച്ച് വാങ്ങിപ്പോയവർ പ്രത്യാശയോടെ വസിക്കുന്നു. ഭൗതീക ജീവിതാനന്തരം ക്രിസ്തുവിനോട് കൂടെ വസിക്കുവാൻ ആഗ്രഹിക്കുന്നത് മരണത്തിന്റെ സുനിശ്ചിതത്വത്തെക്കുറിച്ചും നിത്യജീവന്റെ പ്രത്യാശയെക്കുറിച്ചുമുള്ള അഭിവാഞ്ഛയാണ്. മരണാനന്തരവും വിശ്വാസികൾ നിത്യജീവനിലേക്ക് വളരുവാനും അന്ത്യന്യായവിധിയിൽ ദൈവീക കരുണ പ്രാപിക്കുവാനും കഴിയും. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടുകൂടി പുതുക്കപ്പെട്ട ജീവിതാനുഭവത്തിലേക്കുള്ള രൂപാന്തരം ഉണ്ടാകുന്നു. ദ്രവത്വമുള്ള ശരീരം മരണാനന്തരം പുതിയ തേജസ്സോടെ ഉയിർത്തെഴുന്നേൽക്കുന്നു. ക്രിസ്തുവിൽ വിശ്വസിച്ച് മരിക്കുന്ന വിശ്വാസികളായ വാങ്ങിപ്പോയവരുടെ ഉയിർപ്പ് ശരീരത്തോടും ആത്മീയ സ്ഥിതിയോടും കൂടി (1 കൊരി. 15:53, 54) ആകുന്നു. ക്രിസ്തുവിന്റെ ഉയിർപ്പിൽ ആണിപ്പാടുള്ള ശരീരമാണ് ശിഷ്യർക്ക് തിരിച്ചറിയുവാൻ കഴിഞ്ഞത്. ക്രിസ്തുവിന്റെ രണ്ടാമത്തെ പ്രത്യക്ഷതയിൽ വിശ്വാസികളുടെ ഉയിർപ്പ് വ്യക്തികളെ തിരിച്ചറിയാവുന്ന രീതിയിൽ ഭൗതിക ശരീരത്തോടുകൂടിയായിരിക്കുമെന്നും ബൈബിൾ പ്രബോധിപ്പിക്കുന്നു. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടെ മരിച്ചവരുടെ ഉയിർത്തെഴുന്നേൽപ്പും യാഥാർത്ഥ്യമാകും. ഈ സമയത്തു തന്നെ അന്ത്യന്യായവിധിയും ഉണ്ടാകുന്നു.

പാപവും മരണവും ഇല്ലാതിരുന്ന മനുഷ്യൻ, നിയമം ലംഘിച്ചപ്പോൾ ലോകത്തിന്റെ പ്രാരാബ്ദങ്ങളിലേക്ക് തലകുത്തിവീണു എന്ന് പോൾ സിനിരാജ് വെളിപ്പെടുത്തുന്നു. മനുഷ്യ സമൂഹത്തിൽ പാപം വരുത്തിയ മഹാവിപത്ത്, മനുഷ്യഹൃദയത്തിൽ ദൈവിക നിയമങ്ങൾക്കും ആദ്ധ്യാത്മികതയ്ക്കുമുള്ള സ്ഥാനം തുച്ഛീകരിച്ചു. എന്നാൽ ക്രിസ്തുവിലുള്ള രക്ഷയും ജീവന്റെയും ആത്മാവിന്റെയും വളർച്ചയും ഉൾക്കൊണ്ട് ക്രിസ്തുവിൽ പരമവിളിയുടെ വിരുന്നിനായി കാത്തിരിക്കുവാൻ ഓരോ വിശ്വാസിയ്ക്കും കഴിയണം. നിർമ്മലതയോടും വിശുദ്ധിയോടുംകൂടി, ഓരോ ദിവസവും ഓരോ നിമിഷവും പ്രത്യാശയോടും പ്രാർത്ഥനയോടും യേശുവിനെ കാത്തിരിക്കുവാൻ കഴിയുന്നവരാകണമെന്ന് പോൾ സിനിരാജ് ഈ കൃതിയിലൂടെ ആഹ്വാനം ചെയ്യുന്നു.

പോൾ സിനിരാജ് മുഹമ്മദ് ഓർത്തഡോക്സ് സഭാവിശ്വാസം സ്വീകരിച്ച് മലങ്കരയിലെ വിവിധ പള്ളികളിൽ വിശ്വാസ പ്രഘോഷകനായി 1990 മുതൽ പ്രവർത്തിക്കുന്നു. പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയപ്രകാരം 1991 മുതൽ മലങ്കര ഓർത്തഡോക്സ് സഭാ മിഷനറിയായി. തുടർന്ന് അഖില മലങ്കര പ്രാർത്ഥനാ യോഗത്തിന്റെ പ്രഥമ സെൻട്രൽ ഓർഗനയിസിങ്ങ് സെക്രട്ടറിയായി പ്രവർത്തിച്ചു.

പ്രസിദ്ധ കൺവൻഷൻ പ്രസംഗകനായിരുന്ന പോൾ സിനി രാജിന് 2009 ൽ ബ്ലഡ് കാൻസർ സ്ഥിതീകരിച്ചതിനാൽ ദീർഘകാലം ചികിത്സയിലും വിശ്രമത്തിലും പ്രാർത്ഥനയിലും ഉറ്റിരുന്നു. കാൻസർ സൗഖ്യം ലഭ്യമായെങ്കിലും കോവിഡ് മഹാമാരി 2020 ൽ കഠിനമായി ബാധിച്ച് 25 ദിവസത്തോളം അത്യാസന്ന വിഭാഗത്തിൽ ചികിത്സയിൽ ആയിരുന്നു. അനേകരുടെ പ്രാർത്ഥന സമ്പൂർണ്ണമായ രോഗസൗഖ്യത്തിലേക്ക് നയിച്ചു. ആരോഗ്യം തിരച്ചു കിട്ടിയപ്പോൾ വീണ്ടും സുവിശേഷ വയലുകളിലേക്ക് ധീരമായി തിരിഞ്ഞു. സുവിശേഷ ഘോഷണവും ചാരിറ്റി പ്രവർത്തനവും ഗ്രന്ഥരചനയും രോഗത്തേയും ക്ഷീണത്തേയും അകറ്റി നിർത്തി. തിരുവചനത്തിലൂടെ ലഭ്യമായ ആത്മീയ ഊർജ്ജം സുവിശേഷ ദൗത്യത്തിന് വഴിയും വെളിച്ചവും പകർന്നു.

വിശ്വാസ സംബന്ധമായ നിരവധി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ച പോൾ സിനിരാജ് ഇപ്പോൾ അവയുടെ പുതിയ പതിപ്പുകൾ പ്രസിദ്ധീകരിച്ച് വിശ്വാസികളെ പ്രബുദ്ധരാക്കുന്നു. *മരണവും രൂപാന്തരവും* എന്ന ഈ കൃതിയുടെ ആദ്യ പതിപ്പ് 1992 ൽ പ്രസിദ്ധീകരിച്ചതാണ്. വിവിധതര രോഗവും ക്ഷീണവും ജീവിതത്തെ പിടിച്ചു മുറുക്കിയെങ്കിലും തീവ്രമായ തിരുവചന സാക്ഷ്യത്തിന്റെ ഫലപ്രദമായ സംവേദനത്തിനായി ഈ കൃതി 2024 ൽ പുന:പ്രസിദ്ധീകരിക്കുന്നു. *മരണവും രൂപാന്തരവും* ആഴമായ തിരുവചനബോധ്യത്തിന്റെ അടിസ്ഥാനത്തിൽ നിത്യജീവനെക്കുറിച്ചുള്ള വിശകലനമാണ്.

ക്രിസ്തു യേശുവിന്റെ രണ്ടാമത്തെ വരവിനായി കാത്തിരിക്കണമെന്നും മരണത്തെക്കുറിച്ച് ഭയപ്പെടരുതെന്നും ആഹ്വാനം ചെയ്യുന്ന ഈ ഗ്രന്ഥം വിശ്വാസികൾക്ക് അർത്ഥപൂർണ്ണമായ ആദ്ധ്യാത്മീകതയും മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശയും പകരുന്നു. ജീവനും മരണവും മുഖാമുഖം കണ്ട് അതിജീവനത്തിന്റെ ആദ്ധ്യാത്മികത ഉൾക്കൊണ്ട് അക്ഷരങ്ങളിലൂടെ സുവിശേഷ മർമ്മം സംവേദിപ്പിക്കുന്ന പോൾ സിനിരാജിന്റെ കർമ്മപദ്ധതികൾക്ക് സർവ്വവിധ നന്മകളും നേർന്ന് ഹൃദയപൂർവ്വം വായനയ്ക്കും മനനത്തിനുമായി ഈ കൃതി സമർപ്പിക്കുന്നു.

(മരണവും രൂപാന്തരവും എന്ന കൃതിയുടെ അവതാരികയിൽ നിന്നും)

സുവിശേഷത്തിനായി ഒരു ജീവിതം

തിരുവനന്തപുരം പോത്തൻകോട് പഞ്ചായത്തിൽ കല്ലൂർ തോന്നയ്ക്കൽ കൊച്ചേരവീട്ടിൽ കാസിം പിള്ളയുടെയും ഫാത്തിമാ ബീവിയുടെയും മകൻ മുഹമ്മദ് ഇല്ലിയാസ്, പോൾ സിനിരാജ് എന്ന പേരിൽ മലങ്കര ഓർത്തഡോക്സ് സഭാംഗമായി തീർന്ന് പ്രശസ്ത കൺവൻഷൻ പ്രസംഗകനും ബൈബിൾ പ്രഭാഷകനും ഗ്രന്ഥകാരനുമായത് ദൈവിക പദ്ധതിയാണ്. ജനനം: 1954 മെയ് 25. മാർ ഈവാനിയോസ് കോളജിൽ ബി.എ. യ്ക്കും തിരുവനന്തപുരം യൂണിവേഴ്സിറ്റി കാമ്പസിൽ എം.എ. യ്ക്കും പഠിച്ചു. മുൻ മന്ത്രി പരേതനായ ടി. എം. ജേക്കബിന്റെ സഹപാഠി.

തിരുവനന്തപുരത്തെ മുസ്ലിം കുടുംബത്തിൽ ജനിച്ച സിനിരാജ് മുഹമ്മദ്, മാർ ഇവാനിയോസ് കോളജിലെ പഠനത്തിനിടെയാണു ക്രിസ്തുമാർഗത്തിൽ ആകൃഷ്ടനായത്. തുടക്കത്തിൽ എതിർപ്പും പൊലീസ് മർദനവും വരെ ഏൽക്കേണ്ടി വന്നു.

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുമായി അടുപ്പത്തിലായതു വഴിത്തിരിവായി. ഓർത്തഡോക്സ് സഭാ വിശ്വാസം സ്വീകരിച്ച് മാങ്ങാനം എബനേസർ ഓർത്തഡോക്സ് പള്ളിയിൽ അംഗമായി.

മലങ്കരസഭയിലെ വിവിധ പള്ളികളിൽ വേദപുസ്തക പ്രഭാഷകനും വിശ്വാസ പ്രഘോഷകനുമായി പ്രവർത്തിച്ചു. വിവിധ എക്യുമെനിക്കൽ വേദികളിലെ മികച്ച ബൈബിൾ കൺവൻഷൻ പ്രസംഗകൻ.

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയപ്രകാരം 1991 മുതൽ മലങ്കര ഓർത്തഡോക്സ് സഭാ മിഷണറിയായി. അഖില മലങ്കര പ്രാർത്ഥനായോഗത്തിന്റെ പ്രഥമ സെൻട്രൽ ഓർഗനയിസിങ്ങ് സെക്രട്ടറിയായിരുന്നു.

പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവായുടെ നേതൃത്വത്തിലുള്ള ശാലേം വോയിസിന്റെ ചീഫ് എഡിറ്ററായി പ്രവർത്തിച്ചു. മലങ്കര സഭാ മാസിക, ഓർത്തഡോക്സ് യൂത്ത്, ഓർത്തഡോക്സ് ഹെറാൾഡ് എന്നിവയിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയ്ക്കു വേണ്ടി പുതിയ നിയമം മുസ്ലീം സമുദായത്തിൽപ്പെട്ടവർക്കായി റ്റാസി (Tazi) ഭാഷയിൽ പരിഭാഷപ്പെടുത്തി.

സ്വർഗ്ഗീയ അയിര്, മരണവും രൂപാന്തരവും,ബൈബിൾ ടാബ്ലെറ്റ് ആൻഡ് ക്വിസ്, ഇതാ നിന്റെ അമ്മ തുടങ്ങിയ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു.

ബ്ലഡ് കാൻസർ 2009-ൽ സ്ഥിരീകരിച്ചു. ദീർഘനാളത്തെ ചികിൽസയും പ്രാർത്ഥനയും തുടർന്നു. പ്രതീക്ഷകൾ നഷ്ടപ്പെട്ടപ്പോൾ ഡോ. വി. പി. ഗംഗാധരന്റെ വിദഗ്ധ ചികിൽസയും അനേകരുടെ പ്രാർത്ഥനയും രോഗ സൗഖ്യത്തിലേക്ക് വഴി നടത്തി. കാൻസർ സൗഖ്യം 2013-14 ൽ ലഭ്യമായി തുടങ്ങി. കോവിഡ് ബാധിതനായി 2020-ൽ 25 ദിവസത്തോളം ഐസിയുവിൽ കിടന്നു. ദൈവം എല്ലാ രോഗങ്ങളിൽ നിന്നും സൗഖ്യം നൽകി.

ബസീലിയ ഫൗണ്ടേഷന്റെ പ്രസിഡന്റായി ചാരിറ്റി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഭവന നിർമ്മാണം, സ്കൂൾ യൂണിഫോം, വിദ്യാഭ്യാസ ഉപകരണ വിതരണം എന്നിവയും നിർധന രോഗികൾക്ക് മരുന്നും, ഭക്ഷണവും സൗജന്യമായി നൽകി. കുട്ടികൾക്കും മുതിർന്നവർക്കും വേദപുസ്തക വിതരണവും നിർവ്വഹിച്ചു.



കന്യക മറിയാം: ആത്മീയ പശ്ചാത്തലം

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെ ജീവിതത്തിൽ ആത്മീയ പശ്ചാത്തലത്തിന് വളരെ വലിയ പ്രാധാന്യമുണ്ട്. അവളുടെ ജീവിതം മുഴുവൻ ദൈവവിശ്വാസത്തിലും പ്രാർത്ഥനയിലും സമർപ്പണത്തിലും നിറഞ്ഞിരുന്നു. ബാല്യകാലം മുതൽ തന്നെ മറിയാം ദൈവത്തോട് ആഴമായ ബന്ധം പുലർത്തിയിരുന്നു. അവളുടെ ചിന്തകളും തീരുമാനങ്ങളും ജീവിതശൈലിയും എല്ലാം ദൈവത്തിന്റെ ഇഷ്ടത്തിന് അനുസരിച്ചായിരുന്നു. ദൈവം പറയുന്നതെന്താണോ അതിനെ വിശ്വാസത്തോടെ സ്വീകരിക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുക എന്നത് അവളുടെ ജീവിതത്തിന്റെ മുഖ്യസ്വഭാവമായിരുന്നു.

മറിയാമിന്റെ ദൈവവിശ്വാസം വളരെ ശക്തമായിരുന്നു. അവൾ ഒരു സാധാരണ കുടുംബത്തിൽ ജനിച്ച ഒരു സാധാരണ യുവതിയായിരുന്നു. സാമൂഹികമായി വലിയ സ്ഥാനമോ സമ്പത്തോ അവൾക്കില്ലായിരുന്നു. എന്നിരുന്നാലും അവളുടെ ഹൃദയം ദൈവസ്നേഹത്താലും വിശ്വാസത്താലും സമ്പന്നമായിരുന്നു. ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും ദൈവം തന്നെ നയിക്കുമെന്ന് അവൾ ഉറച്ചു വിശ്വസിച്ചു. ഈ വിശ്വാസമാണ് അവളെ വ്യത്യസ്തയാക്കി മാറ്റിയത്.

മറിയാമിന്റെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. പ്രാർത്ഥന അവളുടെ ആത്മീയ ശക്തിയുടെ ഉറവിടമായിരുന്നു. ദൈവവുമായി സംസാരിക്കുന്ന ഒരു ജീവനുള്ള ബന്ധമായിരുന്നു അവൾക്ക് പ്രാർത്ഥന. സന്തോഷത്തിന്റെ സമയത്തും ദുഃഖത്തിന്റെ സമയത്തും അവൾ ദൈവത്തോട് ചേർന്നു നിന്നു. പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ ശബ്ദം കേൾക്കാനും അവന്റെ പദ്ധതികളെ മനസ്സിലാക്കാനും അവൾക്ക് കഴിഞ്ഞു. ദൈവത്തിന്റെ ഇഷ്ടം മനസ്സിലാക്കി അതിനെ സ്വീകരിക്കാൻ പ്രാർത്ഥന അവളെ സഹായിച്ചു.

മറിയാമിന്റെ സമർപ്പണ മനോഭാവം അവളുടെ ജീവിതത്തിലെ ഏറ്റവും വലിയ സവിശേഷതകളിൽ ഒന്നാണ്. ദൈവദൂതനായ ഗബ്രിയേൽ അവളോട് ദൈവത്തിന്റെ പദ്ധതിയെ അറിയിച്ചപ്പോൾ, അവൾ ഭയപ്പെട്ടെങ്കിലും എതിർത്തില്ല. പകരം, "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്ന് വിനയത്തോടെ മറുപടി നൽകി. ഈ മറുപടി അവളുടെ പൂർണ്ണമായ ദൈവസമർപ്പണത്തിന്റെ തെളിവാണ്. ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ മാതാവാകുക എന്ന വലിയ ദൗത്യം അവൾ വിശ്വാസത്തോടെ ഏറ്റെടുത്തു.

മറിയാമിന്റെ വിനയവും ലാളിത്യവും അവളുടെ ആത്മീയ മഹത്വത്തെ കൂടുതൽ വെളിപ്പെടുത്തുന്നു. വലിയൊരു ദൈവിക ദൗത്യം ലഭിച്ചിട്ടും അവൾ സ്വയം പ്രശംസിച്ചില്ല. അവൾ എപ്പോഴും വിനയത്തോടെ ജീവിച്ചു. പ്രശസ്തിയും ബഹുമതിയും അവൾ അന്വേഷിച്ചില്ല. ദൈവത്തിന്റെ കൃപയാണ് എല്ലാം എന്ന് തിരിച്ചറിഞ്ഞ അവൾ ലളിതമായ ജീവിതം നയിച്ചു. ഈ വിനയം തന്നെയാണ് അവളെ ദൈവത്തിന് കൂടുതൽ പ്രിയങ്കരിയാക്കിയത്.

ജീവിതത്തിലെ കഷ്ടപ്പാടുകളും വെല്ലുവിളികളും മറിയാമിന്റെ ജീവിതത്തിലും ഉണ്ടായിരുന്നു. യേശുവിന്റെ ജനനം മുതൽ ക്രൂശുമരണം വരെ അനേകം വേദനകൾ അവൾ അനുഭവിച്ചു. എന്നാൽ അവൾ ഒരിക്കലും ദൈവത്തിലുള്ള വിശ്വാസം നഷ്ടപ്പെടുത്തിയില്ല. സഹനത്തോടെയും പ്രത്യാശയോടെയും അവൾ എല്ലാം ഏറ്റെടുത്തു. പ്രത്യേകിച്ച് യേശുവിന്റെ ക്രൂശിനടിയിൽ നിൽക്കുമ്പോൾ അവളുടെ ഹൃദയം വേദനകൊണ്ട് നിറഞ്ഞിരുന്നെങ്കിലും, അവൾ ദൈവത്തിന്റെ പദ്ധതിയിലുള്ള വിശ്വാസം നഷ്ടപ്പെടുത്തിയില്ല. ഈ സഹനവും ആത്മീയ ശക്തിയും അവളെ ദൈവമാതാവാക്കി.

മറിയാമിന്റെ ആത്മീയ പശ്ചാത്തലം നമ്മെ വളരെ പ്രധാനപ്പെട്ട ഒരു സത്യം പഠിപ്പിക്കുന്നു. മനുഷ്യന്റെ മഹത്വം ഉയർന്ന പദവിയിലും ധനസമ്പത്തിലുമല്ല. യഥാർത്ഥ മഹത്വം ഹൃദയത്തിലെ വിശ്വാസത്തിലും ദൈവത്തോടുള്ള സ്നേഹത്തിലും പ്രാർത്ഥനയിലും വിനയത്തിലും സമർപ്പണത്തിലും സഹനത്തിലുമാണ്. മറിയാമിന്റെ ജീവിതം ഈ സത്യത്തിന്റെ വ്യക്തമായ ഉദാഹരണമാണ്. ഇന്നും മറിയാമിന്റെ ജീവിതം എല്ലാ വിശ്വാസികൾക്കും ഒരു വലിയ മാതൃകയാണ്. ദൈവത്തിൽ ഉറച്ച വിശ്വാസം പുലർത്താനും പ്രാർത്ഥനാപൂർണ്ണമായ ജീവിതം നയിക്കാനും പ്രതിസന്ധികളിൽ പോലും പ്രത്യാശ കൈവിടാതിരിക്കാനും അവളുടെ ജീവിതം നമ്മെ പ്രചോദിപ്പിക്കുന്നു. ദൈവത്തെ പൂർണ്ണമായി വിശ്വസിക്കുന്ന ഒരു ഹൃദയം എത്ര മഹത്തായ ദൗത്യങ്ങൾക്കായി തിരഞ്ഞെടുക്കപ്പെടാം എന്ന് മറിയാമിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് തന്നെ അവളുടെ ആത്മീയ പശ്ചാത്തലം ക്രൈസ്തവ വിശ്വാസജീവിതത്തിൽ ഇന്നും എന്നും പ്രകാശിക്കുന്ന ഒരു മാതൃകയായി നിലകൊള്ളുന്നു.

1. ദൈവവിശ്വാസത്തിന്റെ ആഴം

ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകം അവളുടെ ദൈവവിശ്വാസമാണ്. ബാല്യകാലം മുതൽ തന്നെ മറിയാം ദൈവഭക്തിയുള്ള ഒരു കുടുംബാന്തരീക്ഷത്തിലാണ് വളർന്നത്. വീട്ടിലെ പ്രാർത്ഥനയും, ദൈവത്തെ സ്നേഹിക്കുന്ന ജീവിതശൈലിയും അവളുടെ ഹൃദയത്തിൽ ദൈവത്തോടുള്ള ആഴമുള്ള വിശ്വാസം വളർത്തി. ചെറുപ്പം മുതൽ തന്നെ ദൈവം തന്റെ ജീവിതത്തിൽ പ്രവർത്തിക്കുന്നുവെന്ന് അവൾ തിരിച്ചറിഞ്ഞിരുന്നു.

മറിയാമിന്റെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് വളരെ വലിയ സ്ഥാനമുണ്ടായിരുന്നു. ഓരോ ദിവസവും അവൾ ദൈവസന്നിധിയിൽ സമയം ചെലവഴിച്ചു. പ്രാർത്ഥനയിലൂടെ ദൈവത്തിന്റെ സാന്നിധ്യം അവൾ അനുഭവിച്ചു. അതിലൂടെ അവളുടെ മനസ്സ് കൂടുതൽ ശുദ്ധവും വിനയപൂർണ്ണവും ദൈവഹിതത്തിന് വിധേയമായും തീർന്നു. ദൈവം പറയുന്നതു കേൾക്കാനും അതനുസരിച്ച് ജീവിക്കാനും അവൾ തയ്യാറായി.

മറിയാമിന്റെ വിശ്വാസം വെറും വാക്കുകളിൽ മാത്രം ഉണ്ടായിരുന്നില്ല; അത് പ്രവർത്തനത്തിൽ പ്രകടമായിരുന്നു. ദൈവത്തിന്റെ പദ്ധതികൾ എല്ലായ്പ്പോഴും എളുപ്പമാകണമെന്നില്ല, പക്ഷേ അവയെ വിശ്വസിച്ച് സ്വീകരിക്കാനുള്ള മനസ്സ് അവൾക്കുണ്ടായിരുന്നു. ഗബ്രിയേൽ മാലാഖ അവളെ സന്ദർശിച്ച് ദൈവപുത്രന്റെ മാതാവാകാനുള്ള സന്ദേശം അറിയിച്ചപ്പോൾ, ഭയപ്പെടാതെ അവൾ ദൈവഹിതത്തിന് "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്ന് മറുപടി നൽകി. സ്വന്തം ഭാവിയെക്കുറിച്ചുള്ള ആശങ്കകളെക്കാൾ ദൈവത്തിന്റെ ഇഷ്ടത്തിന് അവൾ പ്രാധാന്യം നൽകി.

ഈ സമർപ്പണ മനോഭാവമാണ് മറിയാമിനെ പ്രത്യേകതയുള്ളവളാക്കുന്നത്. സ്വന്തം ഇഷ്ടങ്ങളും സ്വപ്നങ്ങളും മാറ്റിവെച്ച് ദൈവത്തിന്റെ പദ്ധതിക്ക് വഴങ്ങുക എളുപ്പമല്ല. എന്നാൽ മറിയാം അതു സന്തോഷത്തോടെ സ്വീകരിച്ചു. അതിലൂടെ അവൾ ലോക രക്ഷയുടെ ചരിത്രത്തിൽ പ്രധാന സ്ഥാനമേറ്റെടുത്തു. അവളുടെ വിശ്വാസം ഒരു സാധാരണ വിശ്വാസമല്ല, പൂർണ്ണമായ ആത്മസമർപ്പണമായിരുന്നു.

മറിയാമിന്റെ ദൈവവിശ്വാസം അവളുടെ ജീവിതത്തിലെ മറ്റു എല്ലാ ഗുണങ്ങൾക്കും അടിസ്ഥാനം ആയി. വിനയം, സഹനം, സ്നേഹം, കരുണ, പ്രാർത്ഥന, സേവന മനോഭാവം എന്നിവയെല്ലാം ഈ വിശ്വാസത്തിൽ നിന്നാണ് വളർന്നത്. ദൈവത്തിൽ ഉറച്ച വിശ്വാസം ഉണ്ടായിരുന്നതിനാൽ അവൾ പ്രതിസന്ധികളിൽ പോലും തളരാതെ നിന്നു. സന്തോഷത്തിലും ദുഃഖത്തിലും അവൾ ദൈവത്തെ വിട്ടുമാറിയില്ല.

പ്രത്യേകിച്ച് യേശുവിന്റെ കുരിശിൻ കീഴിൽ നിന്നപ്പോൾ മറിയാമിന്റെ വിശ്വാസത്തിന്റെ ശക്തി വ്യക്തമായി കാണാം. സ്വന്തം മകന്റെ വേദന കണ്ടിട്ടും അവൾ ദൈവത്തിന്റെ പദ്ധതിയിലുള്ള വിശ്വാസം നഷ്ടപ്പെടുത്തിയില്ല. അത് അവളുടെ ആത്മീയ ശക്തിയുടെ വലിയ തെളിവാണ്. ദൈവം ചെയ്യുന്ന എല്ലാം നന്മയ്ക്കായാണെന്ന വിശ്വാസം അവളെ ബലപ്പെടുത്തി.

അതുകൊണ്ട് മറിയാമിന്റെ ദൈവവിശ്വാസത്തിന്റെ ആഴം എല്ലാ വിശ്വാസികൾക്കും വലിയ മാതൃകയാണ്. ജീവിതത്തിൽ എത്ര പ്രശ്നങ്ങളും അനിശ്ചിതത്വങ്ങളും വന്നാലും ദൈവത്തിൽ വിശ്വസിച്ച് മുന്നോട്ട് പോകണമെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. മറിയാമിന്റെ വിശ്വാസം ഇന്നും വിശ്വാസികൾക്ക് ആത്മീയ ശക്തിയും പ്രചോദനവും നൽകുന്ന മഹത്തായ ഉദാഹരണമായി നിലകൊള്ളുന്നു.

2. പ്രാർത്ഥനാപൂർണ്ണമായ ജീവിതം

ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെ ജീവിതത്തിൽ പ്രാർത്ഥനയ്ക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമുണ്ടായിരുന്നു. അവൾ പ്രാർത്ഥനയെ ഒരു കടമയായി മാത്രം കാണാതെ, ജീവിതത്തിന്റെ അടിസ്ഥാനഘടകമായാണ് സ്വീകരിച്ചത്. ദിവസേന ദൈവസന്നിധിയിൽ സമയം ചെലവഴിക്കുന്നത് അവളുടെ ജീവിതത്തിന്റെ ഭാഗമായിരുന്നു. പ്രാർത്ഥനയിലൂടെ അവൾ ദൈവത്തോടുള്ള അടുത്ത ബന്ധം നിലനിർത്തി. അതുവഴി അവളുടെ ആത്മീയ വളർച്ചയും മനസ്സിന്റെ ശുദ്ധിയും കൂടുതൽ ശക്തമായി.

മറിയാമിന്റെ ഹൃദയം എപ്പോഴും ദൈവസന്നിധിയിലേക്കാണ് തിരിഞ്ഞിരുന്നത്. അവൾ സന്തോഷത്തിലും ദുഃഖത്തിലും, സമാധാനത്തിലും പ്രതിസന്ധികളിലും ദൈവത്തെ ആശ്രയിച്ചു. പ്രാർത്ഥന അവൾക്ക് ആശ്വാസവും സമാധാനവും ധൈര്യവും നൽകി. ജീവിതത്തിൽ എന്ത് സംഭവിച്ചാലും ദൈവം കൂടെയുണ്ടെന്ന ഉറച്ച വിശ്വാസം അവൾക്കുണ്ടായിരുന്നു. ഈ വിശ്വാസം പ്രാർത്ഥനയിലൂടെ കൂടുതൽ ആഴപ്പെട്ടു.

പ്രാർത്ഥനയിലൂടെ മറിയാം ദൈവത്തിന്റെ സഹായവും മാർഗനിർദ്ദേശവും തേടി. അവൾ സ്വന്തം തീരുമാനങ്ങളിൽ മാത്രം ആശ്രയിച്ചില്ല; ദൈവഹിതം എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിച്ചു. ജീവിതത്തിലെ ഓരോ സാഹചര്യത്തിലും ദൈവത്തിന്റെ ഇഷ്ടം നിറവേറണമെന്നായിരുന്നു അവളുടെ ആഗ്രഹം. അതുകൊണ്ട് തന്നെ അവളുടെ ജീവിതം ദൈവാനുസരണത്തിന്റെ മനോഹരമായ മാതൃകയായി മാറി.

പ്രത്യേകിച്ച് ഗബ്രിയേൽ മാലാഖ യേശുക്രിസ്തുവിന്റെ മാതാവാകാനുള്ള സന്ദേശം അറിയിച്ചപ്പോൾ, അത് ഒരു വലിയ ഉത്തരവാദിത്വമായിരുന്നു. സാധാരണ മനുഷ്യബുദ്ധിക്ക് അതിനെ എളുപ്പത്തിൽ സ്വീകരിക്കാൻ കഴിയില്ല. എന്നാൽ മറിയാം ഭയത്തേക്കാൾ കൂടുതലായി വിശ്വാസത്തെ തിരഞ്ഞെടുത്തു. ആ സമയത്ത് അവൾക്ക് ശാന്തിയും ആത്മവിശ്വാസവും നൽകിയത് പ്രാർത്ഥനയായിരുന്നു. ദൈവം വിളിച്ച വഴിയിൽ നടക്കാൻ അവൾക്ക് കരുത്ത് ലഭിച്ചത് ദൈവസന്നിധ്യ ബോധമാണ്.

മറിയാമിന്റെ പ്രാർത്ഥനാപൂർണ്ണമായ ജീവിതം അവളുടെ ചുറ്റുമുള്ളവർക്കും വലിയ പ്രചോദനമായി. അവളുടെ സമാധാനം, വിനയം, ക്ഷമ, സേവന മനോഭാവം എന്നിവയെല്ലാം പ്രാർത്ഥനയിൽ നിന്നു വളർന്നവയാണ്. അവൾ ദൈവത്തിൽ പൂർണ്ണമായി ആശ്രയിച്ചിരുന്നതിനാൽ മറ്റുള്ളവർക്കും വിശ്വാസത്തിന്റെ മാതൃകയായി മാറി. അവളുടെ ജീവിതം കണ്ടവർ ദൈവവിശ്വാസത്തിന്റെ യഥാർത്ഥ അർത്ഥം മനസ്സിലാക്കി.

ഏറ്റവും ചെറിയ കാര്യങ്ങളിലും വലിയ ദൗത്യങ്ങളിലും മറിയാം ദൈവത്തെ മുൻപിൽ വെച്ചു. അവളുടെ തീരുമാനങ്ങളും ചിന്തകളും പ്രവർത്തികളും ദൈവിക പ്രേരണയുടെ വെളിച്ചത്തിലായിരുന്നു. പ്രാർത്ഥന അവളെ വിനയമുള്ളവളാക്കി, സഹനശക്തിയുള്ളവളാക്കി, വിശ്വാസത്തിൽ ഉറച്ചവളാക്കി. ദൈവത്തിന്റെ പദ്ധതിയിൽ പൂർണ്ണമായി സമർപ്പിക്കപ്പെട്ട ഒരു ജീവിതമാണ് അവൾ നയിച്ചത്.

അതുകൊണ്ട് മറിയാമിന്റെ പ്രാർത്ഥനാപൂർണ്ണമായ ജീവിതം നമ്മെ ഒരു വലിയ സത്യം പഠിപ്പിക്കുന്നു: ആത്മീയ വളർച്ചക്കും ദൈവസേവനത്തിനും പ്രാർത്ഥന അനിവാര്യമാണ്. പ്രാർത്ഥന ഇല്ലാതെ വിശ്വാസം ആഴപ്പെടുകയില്ല. ദൈവത്തോടൊപ്പം നടക്കാൻ ആഗ്രഹിക്കുന്ന ഓരോ വിശ്വാസിക്കും മറിയാമിന്റെ ജീവിതം ഒരു മഹത്തായ മാതൃകയാണ്. ഇന്നും അവളുടെ പ്രാർത്ഥനാപൂർണ്ണ ജീവിതം എല്ലാ വിശ്വാസികൾക്കും ആത്മീയ ശക്തിയും പ്രചോദനവും നൽകുന്നു.

3. സമർപ്പണം

ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെ ആത്മീയ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഗുണങ്ങളിൽ ഒന്നാണ് അവളുടെ സമർപ്പണം. മറിയാം തന്റെ ജീവിതം മുഴുവനായി ദൈവത്തിനും ദൈവത്തിന്റെ മഹത്തായ പദ്ധതിക്കും സമർപ്പിച്ചവളായിരുന്നു. അവൾ സ്വന്ത ഇഷ്ടങ്ങളേക്കാൾ ദൈവത്തിന്റെ ഇഷ്ടത്തിന് പ്രാധാന്യം നൽകി. സാധാരണ കുടുംബജീവിതത്തിലും സാമൂഹിക പരിമിതികളിലും ജീവിച്ചിരുന്നെങ്കിലും, ദൈവം വിളിക്കുന്ന വഴിയിൽ നടക്കാൻ അവൾ എപ്പോഴും തയ്യാറായിരുന്നു.

മറിയാമിന്റെ സമർപ്പണത്തിന്റെ ഏറ്റവും വലിയ ഉദാഹരണം ഗബ്രിയേൽ മാലാഖ അവളെ സന്ദർശിച്ച സംഭവത്തിലാണ് കാണുന്നത്. ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ മാതാവാകാനുള്ള ദൈവിക വിളി മനുഷ്യന്റെ കാഴ്ചപ്പാടിൽ വളരെ വലിയ വെല്ലുവിളിയായിരുന്നു. അത് സന്തോഷത്തോടൊപ്പം ഭയവും ആശങ്കയും ഉണ്ടാക്കുന്ന ഒരു അനുഭവമായിരുന്നു. എന്നാൽ മറിയാം ഭയത്തെയോ സംശയത്തെയോ മുൻപിൽ വച്ചില്ല; അവൾ ദൈവത്തിന്റെ പദ്ധതിയിൽ വിശ്വസിച്ചു.

ആ സമയത്ത് മറിയാം ആത്മാർത്ഥമായി "ഇതാ, ഞാൻ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്ന് പറഞ്ഞു. ഈ ചെറിയ മറുപടി ഒരു സാധാരണ വാക്കല്ലായിരുന്നു; അത് പൂർണ്ണമായ ആത്മ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

സമർപ്പണത്തിന്റെ പ്രഖ്യാപനമായിരുന്നു. സ്വന്തം ഭാവി എന്താകുമെന്ന് അറിയാതിരുന്നിട്ടും, ദൈവം നയിക്കുന്ന വഴിയെ അവൾ സന്തോഷത്തോടെ സ്വീകരിച്ചു. ഈ “അതെ” ലോക രക്ഷയുടെ ചരിത്രത്തിൽ വലിയ മാറ്റത്തിന് തുടക്കമായി.

മറിയാമിന്റെ സമർപ്പണം അവളുടെ ജീവിതത്തിലെ ഓരോ ഘട്ടത്തിലും പ്രകടമായിരുന്നു. യേശുവിന്റെ ജനനം മുതൽ കുരിശിന്റെ കീഴിൽ നിൽക്കുന്ന നിമിഷം വരെ അവൾ ദൈവഹിതത്തിൽ ഉറച്ചുനിന്നു. സന്തോഷവും ദുഃഖവും ഒരുപോലെ ദൈവത്തിൽ സമർപ്പിച്ച് അവൾ മുന്നോട്ട് നടന്നു. ദൈവത്തിന്റെ പദ്ധതിയിൽ തന്റെ പങ്ക് ചെറുതോ വലുതോ എന്ന ചിന്തയില്ലാതെ അവൾ വിശ്വസ്തയായി നിന്നു.

അവളുടെ സമർപ്പണം ലാളിത്യത്തോടും വിനയത്തോടും ചേർന്നതായിരുന്നു. അവൾ തന്റെ മഹത്വം അന്വേഷിച്ചില്ല; ദൈവത്തിന്റെ മഹത്വം മാത്രം തേടി. സാധാരണ ഒരു യുവതിയായിരുന്ന മറിയാം, ഈ വിനയവും സമർപ്പണവും കൊണ്ട് ദൈവത്തിന്റെ മഹത്തായ ദൗത്യത്തിൽ പ്രധാന പങ്ക് വഹിച്ചു. അവളുടെ ജീവിതം ആത്മീയ ശക്തിയുടെയും ദൈവവിശ്വാസത്തിന്റെയും മനോഹരമായ ഉദാഹരണമായി മാറി.

മറിയാമിന്റെ സമർപ്പണം അവളെ എല്ലാ വെല്ലുവിളികളെയും നേരിടാൻ ശക്തിയുള്ളവളാക്കി. അനിശ്ചിതത്വങ്ങൾ വന്നപ്പോഴും അവൾ ദൈവത്തെ വിട്ടുമാറിയില്ല. ദൈവം ചെയ്യുന്ന എല്ലാം നന്മയ്ക്കായാണെന്ന വിശ്വാസം അവളെ ഉറച്ചുനിർത്തി. ഈ ആത്മാർത്ഥ സമർപ്പണമാണ് അവളെ വിശ്വാസികളുടെ മാതാവായി ഉയർത്തിയത്.

അതുകൊണ്ട് മറിയാമിന്റെ സമർപ്പണം നമ്മെ ഒരു വലിയ സത്യം പഠിപ്പിക്കുന്നു: ദൈവത്തോടുള്ള പൂർണ്ണ വിശ്വാസവും സമർപ്പണവും ഒരാളെ വലിയ ആത്മീയ ഉയരങ്ങളിലേക്ക് നയിക്കും. സ്വന്തം ജീവിതം ദൈവഹിതത്തിന് സമർപ്പിക്കുമ്പോൾ മനുഷ്യജീവിതം കൂടുതൽ അർത്ഥവത്താകുന്നു. മറിയാമിന്റെ ജീവിതം ഇന്നും എല്ലാ വിശ്വാസികൾക്കും സമർപ്പണത്തിന്റെ അനശ്വരമായ മാതൃകയായി നിലകൊള്ളുന്നു.

4. വിനയം, ലാളിത്യം, സഹനം

ദൈവമാതാവായ വിശുദ്ധ കന്യക മറിയത്തിന്റെ ആത്മീയ ജീവിതത്തിലെ പ്രധാന ഗുണങ്ങളിൽ വിനയം, ലാളിത്യം, സഹനം എന്നിവയ്ക്ക് വലിയ സ്ഥാനമുണ്ട്. ഈ മൂന്നു ഗുണങ്ങളും അവളുടെ ജീവിതത്തെ വിശുദ്ധവും ദൈവകേന്ദ്രിതവുമായി മാറ്റി. മറിയാമിന്റെ മനസ്സും ഹൃദയവും എപ്പോഴും ദൈവസേവനത്തിനും വിശ്വാസത്തിനും വേണ്ടി സമർപ്പിച്ചതായിരുന്നു. അതുകൊണ്ടുതന്നെ ജീവിതത്തിൽ വന്ന വലിയ പ്രതിസന്ധികളെയും സാമൂഹിക വെല്ലുവിളികളെയും അവൾ ധൈര്യത്തോടെയും സമാധാനത്തോടെയും നേരിട്ടു.

മറിയാമിന്റെ വിനയം അവളുടെ ജീവിതത്തിലെ ഏറ്റവും മനോഹരമായ സവിശേഷതകളിലൊന്നാണ്. ദൈവം അവളെ ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ മാതാവായി തിരഞ്ഞെടുത്തപ്പോൾ പോലും അവൾ അഹങ്കരിച്ചില്ല. വലിയൊരു ദൗത്യം ലഭിച്ചിട്ടും അവൾ സ്വയം പ്രശംസിച്ചില്ല. “ഇതാ ഞാൻ കർത്താവിന്റെ ദാസി” എന്ന് പറഞ്ഞ അവളുടെ വാക്കുകൾ അവളുടെ വിനയത്തിന്റെ ഏറ്റവും വലിയ തെളിവാണ്. സ്വന്തം മഹത്വം അന്വേഷിക്കാതെ ദൈവത്തിന്റെ മഹത്വം മാത്രം തേടിയ ജീവിതമായിരുന്നു മറിയാമിന്റേത്.

ലാളിത്യം മറിയാമിന്റെ മറ്റൊരു വലിയ ഗുണമായിരുന്നു. അവൾ സമ്പത്തിലും പ്രശസ്തിയിലും ആശ്രയിച്ചില്ല; ലളിതവും ശാന്തവുമായ ജീവിതമാണ് നയിച്ചത്. സാധാരണ ജനങ്ങളുടെ ഇടയിൽ, സ്നേഹത്തോടും കരുണയോടും കൂടിയാണ് അവൾ ജീവിച്ചത്. എല്ലാവരോടും മധുരമായി പെരുമാറുകയും സഹായിക്കാൻ മനസ്സ് കാണിക്കുകയും ചെയ്തു. ഈ ലാളിത്യം അവളെ ജനങ്ങളോട് കൂടുതൽ അടുപ്പിക്കുകയും ആത്മീയ മാതൃകയാക്കുകയും ചെയ്തു.

സഹനം മറിയാമിന്റെ ജീവിതത്തിൽ വളരെ ശക്തമായി പ്രകടമായ ഒരു ഗുണമാണ്. ജീവിതത്തിൽ പല വേദനകളും ആശങ്കകളും അവൾ അനുഭവിച്ചു. യേശുവിന്റെ ജനനസാഹചര്യങ്ങളിൽ ഉണ്ടായ ബുദ്ധിമുട്ടുകൾ, ഈജിപ്തിലേക്കുള്ള പലായനം, യേശുവിന്റെ ശുശ്രൂഷാകാലത്തെ പരീക്ഷണങ്ങൾ, ഒടുവിൽ കുരിശിന്റെ കീഴിൽ നിന്ന നിമിഷം ഇവയെല്ലാം വലിയ വേദനയായിരുന്നു. എന്നിരുന്നാലും അവൾ തളർന്നില്ല. ദൈവത്തിന്റെ പദ്ധതിയിൽ വിശ്വസിച്ച് അവൾ എല്ലാം സഹിച്ചു.

മറിയാമിന്റെ സഹനശക്തി അവളുടെ ദൈവവിശ്വാസത്തോടൊപ്പം ചേർന്നിരുന്നു. അവൾ പ്രശ്നങ്ങളെ ഭയത്തോടെ നോക്കിയില്ല; ദൈവത്തിൽ ആശ്രയിച്ചാണ് നേരിട്ടത്. ദൈവം തന്റെ കൂടെയുണ്ടെന്ന ഉറച്ച വിശ്വാസം അവൾക്ക് സമാധാനവും ധൈര്യവും നൽകി.

മറിയാമിന്റെ സഹനശക്തി അവളുടെ ദൈവവിശ്വാസത്തോടൊപ്പം ചേർന്നിരുന്നു. അവൾ പ്രശ്നങ്ങളെ ഭയത്തോടെ നോക്കിയില്ല; ദൈവത്തിൽ ആശ്രയിച്ചാണ് നേരിട്ടത്. ദൈവം തന്റെ കൂടെയുണ്ടെന്ന ഉറച്ച വിശ്വാസം അവൾക്ക് സമാധാനവും ധൈര്യവും നൽകി. അതുകൊണ്ട് തന്നെ അവൾ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും ഉറച്ചുനിന്നു.

വിനയം, ലാളിത്യം, സഹനം എന്നീ ഗുണങ്ങൾ ചേർന്നാണ് മറിയാമിന്റെ ജീവിതം ഒരു മഹത്തായ ആത്മീയ മാതൃകയായി മാറിയത്. ഈ ഗുണങ്ങൾ ഒരാളെ ദൈവത്തോട് കൂടുതൽ അടുപ്പിക്കുകയും മറ്റുള്ളവർക്കു നല്ല മാതൃകയാക്കുകയും ചെയ്യുന്നു. മറിയാം തന്റെ ജീവിതത്തിലൂടെ ഇത് വ്യക്തമായി തെളിയിച്ചു.

അതുകൊണ്ട് മറിയാമിന്റെ ഈ മൂല്യങ്ങൾ ഇന്നും എല്ലാ വിശ്വാസികൾക്കും വലിയ പ്രചോദനമാണ്. വിനയത്തോടെ ജീവിക്കുക, ലാളിത്യത്തോടെ പെരുമാറുക, സഹനത്തോടെ പ്രതിസന്ധികളെ നേരിടുകഇവയാണ് യഥാർത്ഥ ആത്മീയ വളർച്ചയുടെ അടിസ്ഥാനം. മറിയാമിന്റെ ജീവിതം ഓരോ വിശ്വാസിയുടെയും ആത്മീയ യാത്രയ്ക്ക് വഴികാട്ടിയായും ദൈവവിശ്വാസത്തിന്റെ ഉറച്ച മാതൃകയായും ഇന്നും നിലകൊള്ളുന്നു.

ദൈവമാതാവായ വിശുദ്ധ കന്യക മറിയാമിന്റെ ആത്മീയ പശ്ചാത്തലം വളരെ സമ്പന്നവും ശക്തവുമായിരുന്നു. അവളുടെ ജീവിതത്തെ രൂപപ്പെടുത്തിയ പ്രധാന ഘടകങ്ങൾ ദൈവവിശ്വാസം, പ്രാർത്ഥന, സമർപ്പണം, വിനയം, ലാളിത്യം, സഹനം എന്നിവയാണ്. ഈ ഗുണങ്ങൾ എല്ലാം ചേർന്നാണ് മറിയാമിനെ ഒരു സാധാരണ വ്യക്തിയിൽ നിന്ന് വ്യത്യസ്തയാക്കിയത്. ഒരു ചെറിയ യഹൂദ കുടുംബത്തിൽ ജനിച്ച് വളർന്ന സാധാരണ യുവതിയായിരുന്ന മറിയാം, ഈ ആത്മീയ സവിശേഷതകളിലൂടെ ലോകത്തിന്റെ രക്ഷകനായ യേശുക്രിസ്തുവിന്റെ മാതാവാകുന്ന മഹത്തായ സ്ഥാനത്തേക്ക് ഉയർന്നു.

മറിയാമിന്റെ ദൈവവിശ്വാസം വളരെ ആഴമുള്ളതായിരുന്നു. ജീവിതത്തിലെ ഓരോ സാഹചര്യത്തിലും അവൾ ദൈവത്തിൽ ആശ്രയിച്ചു. സന്തോഷത്തിലും ദുഃഖത്തിലും, പ്രതിസന്ധികളിലും പ്രത്യാശയിലും അവൾ ദൈവത്തെ വിട്ടുമാറിയില്ല. ഈ ഉറച്ച വിശ്വാസമാണ് അവളെ എല്ലാ വെല്ലുവിളികളിലും സ്ഥിരതയോടെ നിലനിർത്തിയത്. ദൈവം തന്റെ ജീവിതത്തെ നയിക്കുന്നുവെന്ന വിശ്വാസം അവൾക്ക് ആത്മീയ ശക്തി നൽകി.

പ്രാർത്ഥന മറിയാമിന്റെ ജീവിതത്തിന്റെ ഹൃദയമായിരുന്നു. അവൾ ദൈവസന്നിധിയിൽ സമയം ചെലവഴിച്ചു, ദൈവത്തിന്റെ ഇഷ്ടം മനസ്സിലാക്കാൻ ശ്രമിച്ചു, ജീവിതത്തിലെ എല്ലാ കാര്യങ്ങളും ദൈവത്തിന് സമർപ്പിച്ചു. പ്രാർത്ഥനയിലൂടെ അവൾ സമാധാനവും ധൈര്യവും നേടി. അതുകൊണ്ടുതന്നെ വലിയ ഉത്തരവാദിത്വങ്ങൾ പോലും അവൾ വിശ്വാസത്തോടെ ഏറ്റെടുത്തു.

മറിയാമിന്റെ ജീവിതം ഒരു മഹത്തായ ആത്മീയ മാതൃകയാണ്. മനസ്സ് ശുദ്ധിയുള്ളവരും ദൈവത്തിൽ വിശ്വാസമുള്ളവരും എങ്ങനെ വലിയ ദൗത്യങ്ങൾ ഏറ്റെടുത്ത് ലോകത്തിന് പ്രചോദനമാകാമെന്ന് അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. വലിയ സ്ഥാനമോ സമ്പത്തോ മനുഷ്യനെ മഹാനാക്കുന്നില്ല; മറിച്ച് വിനയം, വിശ്വാസം, സമർപ്പണം, സ്നേഹം എന്നിവയാണ് ഒരാളെ ഉയർത്തുന്നത്.

ഇന്നും മറിയാമിന്റെ ആത്മീയ ജീവിതം ക്രിസ്തീയ വിശ്വാസികൾക്കു മാത്രമല്ല, എല്ലാ മനുഷ്യർക്കും പ്രചോദനമാണ്. അവളുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ദൈവത്തിൽ ഉറച്ച വിശ്വാസം പുലർത്താനും, പ്രാർത്ഥനാപൂർണ്ണമായ ജീവിതം നയിക്കാനും, വിനയത്തോടെയും സഹനത്തോടെയും മുന്നോട്ട് പോകാനുമാണ്. അതുകൊണ്ട് വിശുദ്ധ കന്യക മറിയത്തിന്റെ ജീവിതം ഇന്നും എല്ലാ വിശ്വാസികൾക്കും ആത്മീയ ശക്തിയും ദൈവത്തിലേക്കുള്ള വഴികാട്ടിയും ആയി നിലകൊള്ളുന്നു.

❑

വചനതീർത്ഥം



പെന്തിക്കോസ്തി ഞായർ

(യോഹന്നാൻ 15:1–14)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

മണ്ണുകൊണ്ട് മെനഞ്ഞുണ്ടാക്കിയ മനുഷ്യന്റെ മൂക്കിൽ ദൈവം ജീവശ്വാസം ഊതിയപ്പോൾ അവൻ ജീവനുള്ളവൻ ആയത് പോലെ താൻ സ്ഥാപിച്ച സഭയുടെ മേൽ ജീവാത്മാവിനെ നല്കിയ ദിവസമാണ് പെന്തിക്കോസ്ത് ദിവസം. ക്രൈസ്തവ സഭയുടെ ആവിർഭാവം പരിശുദ്ധാത്മാവിന്റെ ആവാസത്തോടെയാണ്. പരിശുദ്ധാത്മാവിന്റെ നിരന്തരമായ സാന്നിധ്യവും സാമീപ്യവും ആണ് സഭയെ വിശുദ്ധയാക്കുന്നത്.

പെന്തിക്കോസ്തി യഹൂദരുടെ ഒരു പെരുന്നാൾ ആണ് പെസഹായ്ക്ക് ശേഷം അൻപതാം ദിവസം ആചരിച്ചിരുന്ന ഈ പെരുന്നാൾ തങ്ങൾക്ക് ലഭിച്ച വിളവിന് ദൈവത്തിന് നന്ദി പ്രകാശിപ്പിക്കുന്ന ദിവസമായിരുന്നു. മരുഭൂമിയിൽ തങ്ങളുടെ പൂർവ്വികർക്ക് കൽപ്പനകൾ ലഭിച്ചതും അവർ അതേ ദിവസം അനുസ്മരിച്ചിരുന്നു.

യേശുവിന്റെ മരണശേഷം ശിഷ്യന്മാരിൽ പലരും നിരാശരായി പോയിരുന്നു. എന്നാൽ ജീവൻ നൽകുന്നവനും ജീവദാതാവുമായ പരിശുദ്ധാത്മാവ് കർത്താവിന്റെ ഉത്ഥാനത്തിനു ശേഷം അൻപതാം ദിവസം ശിഷ്യരുടെ മേൽ വരികയും സഭയുടെ വളർച്ചയുടെ ചാലക ശക്തികളായി അവരെ പരിവർത്തനം ചെയ്യുകയും ചെയ്ത മഹാസംഭവമാണ് പെന്തിക്കോസ് പെരുന്നാളായി സഭ ആചരിക്കുന്നത്.

പാറക്കലീത്ത, റൂഹ, സത്യത്തിന്റെ ആത്മാവ് തുടങ്ങി പരിശുദ്ധാത്മാവിന് പല സംജ്ഞകൾ ഉണ്ട്. പഴയനിയമത്തിൽ പരിശുദ്ധാത്മാവിനെ കാണുന്നത് ഉല്പത്തി പുസ്തകത്തിലാണ് "ദൈവത്തിൻറെ ആത്മാവ് വെള്ളത്തിന്റെ മീതെ പരിവർത്തിച്ചു കൊണ്ടിരുന്നു" എന്ന് അവിടെ കാണുന്നു (ഉല്പത്തി 2:1) എല്ലാ ജീവജാലങ്ങളുടെയും പ്രത്യേകിച്ച് ദൈവത്തിന്റെ രൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെയും ജീവശ്വാസമാണ് ഈ ആത്മാവ് (ഉല്പത്തി 2:7). എബ്രായ ഭാഷയിൽ 'റൂഹ്' എന്ന വാക്കിൻറെ അർത്ഥം ദൈവത്തിന്റെ ശ്വാസം അല്ലെങ്കിൽ കാറ്റ് എന്നാണ്. പ്രപഞ്ചത്തെ പരിപാലിക്കുന്നതും നിലനിർത്തുന്നതും പരിശുദ്ധാത്മാവ് ആണ്. യഥാർത്ഥ ക്രിസ്ത്യാനിയായി ക്രിസ്തുവിൻറെ സാക്ഷ്യം വഹിക്കുവാൻ ആത്മാവ് നമ്മെ സഹായിക്കുന്നു.

തിരിച്ചറിവിന്റെ ആത്മാവ്

പരിശുദ്ധാത്മാവ് തിരിച്ചറിവിന്റെ ആത്മാവാണ്. ലോകത്തിന്റെ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും പരിശുദ്ധാത്മാവ് നമ്മെ ബോധ്യപ്പെടുത്തുമെന്ന് കർത്താവ് പറയുന്നുണ്ട്. (യോഹന്നാൻ 16:8) പാപബോധം ഉണ്ടാകുവാനും പാപ സാഹചര്യങ്ങളെ ഉപേക്ഷിക്കുവാനും ക്രിസ്തീയമായി ജീവിക്കുവാനും നമ്മെ ശക്തിപ്പെടുത്തുന്നത് പരിശുദ്ധാത്മാവാണ്.

കാര്യസ്ഥനായ ആത്മാവ്

മനുഷ്യാവതാരം ചെയ്ത പുത്രൻ പിതൃ സന്നിധിയിലേക്ക് മടങ്ങി പോയിട്ടും പരിശുദ്ധാത്മാവ് തന്റെ വക്താവായി ഈ ലോകത്തിൽ ദൗത്യം തുടരുന്നു. യേശു പഠിപ്പിച്ചതെല്ലാം പരിശുദ്ധ ശ്ലീഹന്മാരെ അനുസ്മരിപ്പിച്ചത് പരിശുദ്ധാത്മാവാണ്. "എങ്കിലും പിതാവു എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചുതരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും" (യോഹന്നാൻ 14:26). ശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയും അഗ്നിനാവുകളുടെ സാദൃശ്യത്തിൽ അവരുടെ മേൽ ആവസിച്ച് വിശുദ്ധിയിലും ജ്ഞാനത്തിലും പരിപൂർണ്ണരാക്കിക്കൊണ്ട് തങ്ങളുടെ ദൗത്യ ഭൂമികയിലേക്ക് ആത്മാവ് അവരെ നയിക്കുകയും ചെയ്തു.




വിശുദ്ധ മാമോദീസാ വഴിയായി പരിശുദ്ധാത്മാവിനെ പ്രാപിച്ചവരായ നാം ആത്മാവ് വഴിയായി ഈ പൂർണ്ണതയിലേക്ക് വളർന്നുകൊണ്ടിരിക്കുകയാണ്. ഒരുവൻ പരിപൂർണ്ണനാകുന്നത് തന്റെ ജീവിതത്തിൽ പരിശുദ്ധാത്മ ഫലം പുറപ്പെടുവിക്കുമ്പോഴാണ് (ഗലാ 5:22– 23).

പൂർണ്ണമാക്കുന്നവനായ ആത്മാവ്

'ഉണ്ടായിട്ടുള്ളതും ഉണ്ടാകുവാൻ ഉള്ളതുമായ സകലത്തെയും പൂർണ്ണമാക്കി തികക്കുന്ന ജീവനുള്ള പരിശുദ്ധാത്മാവ് നമ്മോടുകൂടെ' എന്നാണ് വിശുദ്ധ കുർബാനയിൽ നാം ചൊല്ലുന്നത്. അപൂർണ്ണരും ബലഹീനരും ആയിരുന്ന ക്രിസ്തു ശിഷ്യന്മാരെ പൂർണ്ണതയിലേക്ക് കൂട്ടിക്കൊണ്ടുവരുന്ന ദിനമാണ് പെന്തിക്കോസ്തി ദിവസം. ആത്മാവ് അവരെ സൌത്യ നിർവ്വഹണത്തിന്റെ പൂർണ്ണതയിലേക്ക് ചേർത്ത് വയ്ക്കുകയാണ്. പൂർണ്ണതപ്പെടുത്തുക എന്നത് പരിശുദ്ധാത്മാവിന്റെ അടിസ്ഥാന സ്വഭാവങ്ങളിൽ ഒന്നാണ്. വിശുദ്ധ മാമോദീസാ വഴിയായി പരിശുദ്ധാത്മാവിനെ പ്രാപിച്ചവരായ നാം ആത്മാവ് വഴിയായി ഈ പൂർണ്ണതയിലേക്ക് വളർന്നുകൊണ്ടിരിക്കുകയാണ്. ഒരുവൻ പരിപൂർണ്ണനാകുന്നത് തന്റെ ജീവിതത്തിൽ പരിശുദ്ധാത്മ ഫലം പുറപ്പെടുവിക്കുമ്പോഴാണ് (ഗലാ 5:22–23).

❑



And you will be my witnesses to the ends of the earth

Pentecost Sunday (St. John 16:5–15)

Philipose Ramban
(Jyothis Ashram, Abu Road, Rajasthan)

When the day of Pentecost came, they were all gathered together in one place. Suddenly, a sound like the blowing of a violent wind came from heaven and filled the whole house where they were sitting. They saw what seemed to be tongues of fire that separated and came to rest on each of them. All of them were filled with the Holy Spirit and began to speak in other tongues as the Spirit enabled them to speak (Acts 2:1–4).

This passage describes the experience that the disciples had on the day of the Pentecost festival. This experience happened to the community of disciples who were waiting in Jerusalem according to the instruction of Jesus Christ after His Ascension. At this time, the Holy Spirit filled everyone who was gathered there. Seeing this, some people mockingly said, "They have drunk new wine."

Then Peter stood up, raised his voice, and said to them, "These people are not drunk, as you suppose. As spoken through the prophet Joel: 'In the last days, I will pour out my Spirit on all flesh. Your sons and daughters will prophesy, your young men will see visions, your old men will dream dreams. Even on my servants, both men and women, I will pour out my Spirit in those days.'" The fulfillment of this prophecy is what took place on the festival day of Pentecost.

The Gospel reading (Evangelion portion) for the Holy Qurbana (Holy Mass) on this day is the scripture portion from the Gospel of St. John 16:5–15: "But now I am going to Him who sent me... It is to your advantage that I go away. For if I do not go away, the Counselor (Advocate) will not come to you. But if I go, I will send Him to you. And when He comes, He will convict the world concerning sin, righteousness, and judgment... When the Spirit of truth comes, He will guide you into all truth."

It is the presence of the Holy Spirit that fills them with greater zeal and knowledge in spiritual matters. What all will be made possible in our lives through the working of the Holy Spirit?

Through our transformation into a new creation

The Spirit of God was moving over the waters (Genesis 1:2). It was when the Spirit moved in that manner that a structured and orderly visible universe took shape out of a state that was formless and empty. St. Paul describes a Christian believer as a "new creation."

"If anyone is in Christ, he is a new creation. The old has passed away; behold, it has become new" (2 Corinthians 5:17). The Holy Spirit works in the process of making a person a new creation. Indeed, it is through rebirth (being born again) that one becomes a new creation. Rebirth is by the Holy Spirit.

The Lord commanded, "Unless one is born of water and the Spirit, he cannot enter the kingdom of God" (St. John 3:5). Rebirth by the Spirit is through Holy Baptism. Through Holy Baptism, we who are born again can be transformed into a new creation. For that, the indwelling of the Holy Spirit is required for us once again.

Conviction of sin is produced in us through the working of the Holy Spirit

Jesus Christ declares: When the Holy Spirit comes, He will convict the world concerning sin, righteousness, and judgment (St. John 16:8). It is the Holy Spirit who brings repentance and transformation of mind into our lives. Today, the greatest tragedy for us is the lack of conviction of sin. I even find justifications for myself. Many things that were once considered sins have now changed and dissolved into modern standards of decency. We are living in an era where our conscience is numbed, making it difficult to discern right from wrong. When the Holy Spirit works in our lives, our public sins and secret sins will become clear to us. It is not enough to just have an awareness of these; we must abandon these sins and return to God. Only then do we experience salvation.

The Holy Spirit gives us strength

Before His Ascension, Christ told the disciples: "Stayin the city until you are clothed with power from on high." (St. Luke 24:49). The power from on high is the Holy Spirit. The Holy Spirit gives us the strength to face the trials of life. Look at the experience of Saint Peter the Apostle. He turned into a coward, ready to disown his own Master (St. Matthew 26:74). However, after receiving the gift of the Holy Spirit on Pentecost, this same Peter, who had been a coward, stood boldly before the Sanhedrin council and asked: "Whether it is right in the sight of God to listen to you more than to God, you judge" (Acts 4:19). Unafraid of the authorities' opposition or persecution, Peter and the other apostles worked as witnesses of Jesus Christ, ultimately remaining prepared even to embrace a martyr's death. They achieved all of this through the power of the Holy Spirit.

Saint Paul the Apostle says: "For we did not receive a spirit of cowardice, but a spirit of power, of love, and of self-control" (2 Timothy 1:7). Transforming cowards into brave and strong individuals is the working of the Holy Spirit.

Therefore, through the services of this Pentecost, may we be able to receive the Holy Spirit, and through Him, be transformed into a new creation and become aware of our sins. Through the power we receive through the Holy Spirit, may we be able to courageously become witnesses of Christ in the world. During the Pentecost service, when the congregation kneels three times praying Kyrie eleison (Lord have mercy), and the priest proclaims loudly, "Stand up by the power of God!", may we be filled with the power of the Holy Spirit, and through that, may we be granted to lead a blessed Christian life! ❑

മറുപുറം

അയൽക്കാരൻ ഒരു മനുഷ്യനല്ല, ഒരു സമീപനമാണ്

ഫാ. അജീഷ് ബാബു

ഒരു മനുഷ്യൻ യെരുശലേമിൽ നിന്ന് യരീഹോയിലേക്കു പോകുകയായിരുന്നു. അവന്റെ ശരീരത്തിൽ യെരുശലേം നഗരത്തിന്റെ പൊടിയുണ്ടായിരുന്നു; എന്നാൽ വഴിയിലിറങ്ങിയ കള്ളന്മാർ അവന്റെ ശരീരത്തിൽ മുറിവുകളുടെ ചുവപ്പ് എഴുതി. അവനെ അവർ അടിച്ചു, നഗ്നനാക്കി, അർദ്ധമരിച്ച നിലയിൽ ഉപേക്ഷിച്ചു. അവൻ അവിടെ കിടന്നത് ഒരു മനുഷ്യനായി മാത്രമല്ല ഒരു ചോദ്യം പോലെയായിരുന്നു.

മനുഷ്യൻ മറ്റൊരു മനുഷ്യനോട് എന്താണ്? അല്ലെങ്കിൽ കൂടുതൽ ഭയപ്പെടുത്തുന്ന രീതിയിൽ ചോദിച്ചാൽ 'ആരാണ് എന്റെ അയൽക്കാരൻ?'

ഈ ചോദ്യം ആദ്യം ചോദിച്ചത് ഒരു ന്യായപ്രമാണപണ്ഡിതനായിരുന്നു. എന്നാൽ യേശു അതിന് ഒരു നിയമഭാഷയിലെ മറുപടി നൽകിയില്ല. അവൻ ഒരു മുറിവുള്ള, രക്തം ഒലിച്ചുകൊണ്ടിരിക്കുന്ന ഉപമ പറഞ്ഞു. കാരണം ചില സത്യങ്ങൾ വാദത്തിലൂടെ വെളിപ്പെടുന്നില്ല അവ മുറിവുകളിലൂടെ മാത്രമാണ് സംസാരിക്കുന്നത്.

അത് വഴിയിലൂടെ ആദ്യം കടന്നുപോയത് പുരോഹിതനായിരുന്നു. ദൈവത്തിന്റെ ഭാഷ അറിയുന്നവൻ. പിന്നെ ഒരു ലേവ്യൻ വിശുദ്ധഗാനങ്ങളുടെ സംരക്ഷകൻ. ഇരുവരും ആ മുറിവേറ്റ മനുഷ്യനെ കണ്ടു. "കണ്ടു" എന്നതാണ് ലൂക്കോസിന്റെ സുവിശേഷത്തിലെ ഏറ്റവും വേദനാജനകമായ വാക്കുകളിൽ ഒന്ന്.

അവർ കണ്ടു. പക്ഷേ കടന്നുപോയി.

മനുഷ്യചരിത്രത്തിലെ പല ദുരന്തങ്ങളും ദുഷ്ടന്മാരാൽ മാത്രം സൃഷ്ടിക്കപ്പെട്ടതല്ല; മറിച്ച് കണ്ടിട്ടും കടന്നുപോയ വിശുദ്ധന്മാരാലാണ്. കാരണം ചിലപ്പോൾ മതം മനുഷ്യനെ ദൈവത്തിലേക്ക് അടുപ്പിക്കുന്നതിനു മുമ്പ് മനുഷ്യനിൽ നിന്ന് അകറ്റുന്നു. നിയമങ്ങൾ കരുണയെക്കാൾ വലിയതാകുമ്പോൾ, വിശുദ്ധി മനുഷ്യസ്പർശത്തെ ഭയക്കുമ്പോൾ, ആരാധന മുറിവുകളെ മറികടന്ന് ക്ഷേത്രത്തിലേക്ക് ഓടിപ്പോകുമ്പോൾ ദൈവം പലപ്പോഴും വഴിയരികിൽ കിടക്കുന്ന മുറിവേറ്റവന്റെ സമീപത്താണ്. അതിനുശേഷമാണ് കഥയിൽ ശമര്യക്കാരൻ വരുന്നത്.

ഈ വാക്ക് യഹൂദന്റെ ചെവിയിൽ ഒരു ശാപംപോലെയായിരുന്നു. ശമര്യക്കാരൻ എന്നത് മതപരമായും വംശീയമായും അപമാനിക്കപ്പെട്ട ഒരാൾ. യഹൂദനും ശമര്യക്കാരനും തമ്മിലുള്ള ദൂരമെന്നത് ഭൂമിശാസ്ത്രത്തിന്റെ പ്രശ്നമല്ലായിരുന്നു; അത് ചരിത്രത്തിന്റെ മുറിവായിരുന്നു. അവർ തമ്മിൽ ഒരുമിച്ച് ഭക്ഷണം കഴിക്കാറില്ല, ഒരേ പാത്രത്തിൽ നിന്ന് വെള്ളം കുടിക്കാറില്ല, ഒരേ ദൈവത്തെ പോലും ഒരേ രീതിയിൽ ആരാധിക്കാറില്ല.

അത്തരം ഒരാളെ യേശു കഥയുടെ ഹൃദയത്തിൽ കൊണ്ടുവന്നു, ക്രിസ്തുവിന്റെ റാഡിക്കൽ നിലപാട്. സ്നേഹം മതപരമായ അതിർത്തികൾ അനുസരിക്കില്ലെന്ന് അവൻ പ്രഖ്യാപിച്ചു.

ദൈവത്തിന്റെ കരുണ മനുഷ്യർ നിർമ്മിച്ച വിശുദ്ധഭിത്തികൾ കടന്നുപോകുമെന്ന് അവൻ കാണിച്ചു. ശമര്യക്കാരൻ ആ മുറിവേറ്റ മനുഷ്യനെ കണ്ടപ്പോൾ, സുവിശേഷം പറയുന്നു: "അവനു മനസ്സലിഞ്ഞു." ഇത് സാധാരണ ദയയല്ല. ഉള്ളിന്റെ ആഴം വരെ വിറയ്ക്കുന്ന കരുണ. മനുഷ്യന്റെ ആന്തരാവയവങ്ങൾ വരെ ഉരുകിപ്പോകുന്ന അനുകമ്പ. വെറും സഹതാപമല്ല മറ്റൊരാളുടെ വേദനയെ സ്വന്തം ശരീരത്തിൽ അനുഭവിക്കുന്ന ആത്മീയ വിറയൽ. അതിന് ശേഷമാണ് യേശു ആ നിർണായകമായ ചോദ്യം ചോദിക്കുന്നത്



"ഈ മൂന്നുപേരിൽ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ടവന്നു അയൽക്കാരനായത് ആരാണ്?"

ഇവിടെയാണ് ഉപമയുടെ ഏറ്റവും വലിയ ദൈവശാസ്ത്രപരമായ വിപ്ലവം നടക്കുന്നത്. കാരണം ന്യായപ്രമാണപണ്ഡിതൻ ആദ്യം ചോദിച്ചത്, "എന്റെ അയൽക്കാരൻ ആര്?" അവൻ അറിയാൻ ആഗ്രഹിച്ചത് സ്നേഹത്തിന്റെ പരിധിയായിരുന്നു.

ആരെല്ലാം ഉൾപ്പെടും? ആരെ ഒഴിവാക്കാം? സ്നേഹിക്കേണ്ടവരുടെ പട്ടിക എത്രവരെ നീളും?

പക്ഷേ യേശു ചോദ്യം തിരിച്ചു മറിച്ചു.

"ആരാണ് നിനക്കു അയൽക്കാരനായത്?" അതായത്, അയൽക്കാരൻ എന്നത് മുൻകൂട്ടി നിർവചിക്കാവുന്ന ഒരു സാമൂഹിക വിഭാഗമല്ല.

അയൽക്കാരൻ എന്നത് ബന്ധത്തിന്റെ അദ്ഭുതമാണ്. നീ ആരെ സ്നേഹിക്കണം എന്ന് തീരുമാനിക്കുന്ന അവകാശം നിനക്കില്ല; കാരണം മുറിവേറ്റവന്റെ അരികിൽ ദൈവം തന്നെ മനുഷ്യരെ തമ്മിൽ പരിചയപ്പെടുത്തുന്നു. ഗ്രീക്കിൽ "അയൽക്കാരൻ" എന്നതിന് ഉപയോഗിച്ചിരിക്കുന്ന പദം plesion എന്നാണ്. സാധാരണ വിവർത്തനത്തിൽ അത് 'near one' അടുത്തവൻ എന്നർത്ഥം നൽകുന്നു. പക്ഷേ യേശുവിന്റെ ഉപമയിൽ ഈ പദം ഒരു സ്ഥിരമായ വ്യക്തിത്വമല്ല, ഒരു സംഭവമാണ്. ആരെങ്കിലും അടുത്തുവരുമ്പോഴാണ് അയൽക്കാരൻ ജനിക്കുന്നത്. രക്തം വാർന്നുകൊണ്ടിരിക്കുന്ന ഒരാളുടെ അരികിൽ നിൽക്കാൻ ഒരാൾ തയ്യാറാകുമ്പോൾ, അവിടെ അയൽബന്ധം രൂപംകൊള്ളുന്നു.

അയൽക്കാരൻ എന്നത് ഭൂമിശാസ്ത്രപരമായ സമീപ്യം അല്ല. ഒരേ നാട്ടിൽ താമസിക്കുന്നതും അല്ല. ഒരേ മതത്തിൽ പെട്ടതും അല്ല. ഒരേ ഭാഷ സംസാരിക്കുന്നതും അല്ല.

അയൽക്കാരൻ എന്നത് നിന്റെ വേദനയുടെ അരികിലേക്ക് ഇറങ്ങി വരുന്ന

വനാണ്. യേശുവിന്റെ ഉപമയിൽ ശമര്യക്കാരൻ ദൈവരാജ്യത്തിന്റെ പ്രതീകമാകുന്നത്. കാരണം ദൈവം പലപ്പോഴും നമ്മൾ പ്രതീക്ഷിക്കുന്ന മുഖങ്ങളിലൂടെ വരുന്നില്ല. മതം പുറത്താക്കുന്നവരിലൂടെയാണ് ചിലപ്പോൾ ദൈവം തന്റെ കരുണ ലോകത്തിലേക്ക് അയക്കുന്നത്.

ഈ ഉപമ പ്രവാസത്തിന്റെ ഭാഷയിലും വായിക്കാം. യെരുശലേമിൽ നിന്ന് എരീഹോയിലേക്കുള്ള വഴി വെറും യാത്രയല്ല; സുരക്ഷയിൽ നിന്ന് അസുരക്ഷയിലേക്കുള്ള ഇറക്കം.

ഒരു പ്രവാസിയുടെ അനുഭവം

വീട് വിട്ടിറങ്ങുന്ന എല്ലാ മനുഷ്യനും ഒരു അർത്ഥത്തിൽ ആ മുറിവേറ്റ യാത്രക്കാരനാണ്. അപരിചിതമായ വഴികളിൽ മനുഷ്യൻ തന്റെ സുരക്ഷ നഷ്ടപ്പെടുത്തുന്നു. അവിടെ മതവും ജാതിയും രാജ്യവും ഭാഷയും പലപ്പോഴും അവനെ രക്ഷിക്കില്ല. അവനെ രക്ഷിക്കുന്നത് ഒരിക്കലും "സ്വന്തം" എന്ന് കരുതാത്ത ഒരാളായിരിക്കും.

അതിനാലാണ് ലോകത്തിലെ അഭയാർത്ഥി ക്യാമ്പുകളിൽ ദൈവം ഇപ്പോഴും ജീവിക്കുന്നത്. കടലിൽ മുങ്ങിമരിക്കുന്ന കുഞ്ഞിന്റെ കണ്ണുകളിൽ, അതിർത്തികൾക്കരികിൽ കാത്തുനിൽക്കുന്ന സ്ത്രീയുടെ ക്ഷീണത്തിൽ, തിരിച്ചറിയൽ കാർഡില്ലാത്ത മനുഷ്യന്റെ പേടിയിൽ അവിടെ "അയൽക്കാരൻ" എന്ന വാക്ക് വീണ്ടും ജനിക്കുന്നു. കാരണം മനുഷ്യർ മതിലുകൾ പണിയുമ്പോൾ, ദൈവം വാതിലുകൾ തുറക്കുന്നു. ഈ ഉപമയുടെ ഏറ്റവും വലിയ വേദന ഇതാണ്.

പുരോഹിതനും ലേവ്യനും തെറ്റായ ആളുകളായിരുന്നില്ല. അവർ മതപരമായി ശരിയായ ആളുകളായിരുന്നു.

പക്ഷേ ശരിയായ വിശ്വാസം പോലും ചിലപ്പോൾ ശരിയായ സ്നേഹമാകുന്നില്ല.

അതിനാലാണ് യേശു ഈ കഥയിലൂടെ ഒരു പുതിയ ആത്മീയതയെ പ്രഖ്യാപിക്കുന്നത്. ദൈവത്തെ സ്നേഹിക്കുന്നതിന്റെ യഥാർത്ഥ തെളിവ് വഴിയരികിൽ കിടക്കുന്ന മനുഷ്യന്റെ മുറിവിൽ നിന്റെ കൈ സ്പർശിക്കുന്ന നിമിഷമാണ്. ഇവിടെ സ്നേഹം ഒരു വികാരമല്ല. ഒരു സമീപനമാണ്.

മറ്റൊരാളുടെ വേദനയിലേക്കു അടുത്തുവരാനുള്ള ധൈര്യം.

അയൽക്കാരൻ ആരാണെന്ന് ഒരു മനുഷ്യനും പൂർണ്ണമായി തീരുമാനിക്കാൻ കഴിയില്ല. കാരണം മനുഷ്യൻ എപ്പോഴും അതിർത്തികൾ സൃഷ്ടിക്കും.

"ഇവൻ എന്റെ ആളാണ്, അവൻ അന്യൻ" എന്ന് പറയും. പക്ഷേ ദൈവത്തിന്റെ കരുണ മനുഷ്യരുടെ വർഗ്ഗീകരണത്തെ അനുസരിക്കില്ല. ദൈവത്തിനു മാത്രമാണ് യഥാർത്ഥത്തിൽ അറിയുന്നത് ആരാണ് ആരുടെ അയൽക്കാരൻ എന്ന്.

കാരണം ദൈവം മനുഷ്യരെ മതത്തിന്റെ അടിസ്ഥാനത്തിൽ കാണുന്നില്ല; മുറിവുകളുടെ അടിസ്ഥാനത്തിലാണ് കാണുന്നത്. രക്തം വാർന്നുകൊണ്ടിരിക്കുന്ന ഒരാളുടെ അരികിൽ നിൽക്കുന്നവനെയാണ് ദൈവം "അയൽക്കാരൻ" എന്ന് വിളിക്കുന്നത്. അതുകൊണ്ട് നല്ല അയൽക്കാരന്റെ ഉപമ ഒടുവിൽ ഒരു നൈതികപാഠമല്ല. അതൊരു വെളിപ്പാടാണ്. ദൈവം ആരുടെ ഭാഗത്താണ് നിൽക്കുന്നത് എന്ന വെളിപ്പാട്.

ദൈവം പലപ്പോഴും വിശുദ്ധരുടെ വസ്ത്രങ്ങളിൽ അല്ല, മുറിവേറ്റ മനുഷ്യന്റെ അരികിൽ മുട്ടുകുത്തിയിരിക്കുന്ന അപമാനിക്കപ്പെട്ട ശമര്യക്കാരന്റെ കൈകളിലാണ് പ്രത്യക്ഷപ്പെടുന്നത്. അതുകൊണ്ട് ലോകം ഇന്നും രക്ഷിക്കപ്പെടുന്നത് മഹത്തായ സിദ്ധാന്തങ്ങളാൽ അല്ല. വഴിയരികിൽ നിർത്തി, മറ്റൊരാളുടെ മുറിവിൽ എണ്ണയും വീഞ്ഞും ഒഴിക്കാൻ തയ്യാറാകുന്ന മനുഷ്യരാലാണ്.



മലങ്കരസഭയുടെ യുവജന പ്രസ്ഥാനത്തിലൂടെ ഉയർന്നുവന്ന ആറന്മുള എം.എൽ.എ. അബിൻ വർക്കിയെ കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജന പ്രസ്ഥാനം വാർഷിക സമ്മേളനത്തിൽ പ. കാതോലിക്കാ ബാവാ ആദരിക്കുന്നു.



തുമ്പമൺ ഭദ്രാസന പ്രാർത്ഥനയോഗം വാർഷിക സമ്മേളനം മാത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയിൽ പ്രസ്ഥാനം കേന്ദ്ര പ്രസിഡന്റ് മാത്യൂസ് മാർ തേവോദോസിയോസ് ഉദ്ഘാടനം ചെയ്തു. ഡോ. എബ്രഹാം മാർ സെറാഫിം അധ്യക്ഷത വഹിച്ചു.



ഫാ. സി. കോശി അന്തരിച്ചു

മൂന്നാംകുറ്റി: നാല് പതിറ്റാണ്ടുകാലം തിരുവനന്തപുരം, മാവേലിക്കര എന്നീ ഭദ്രാസനങ്ങളിൽ സേവനം അനുഷ്ഠിച്ചതും, മാവേലിക്കര ഭദ്രാസനത്തിലെ സീനിയർ വൈദികനുമായ ഫാ. സി. കോശി അന്തരിച്ചു. ഭൗതികശരീരം നാളെ രാവിലെ 7.30–ന് ഭവനത്തിൽ കൊണ്ടുവരുന്നതാണ്. സംസ്കാര ശുശ്രൂഷ രാവിലെ 10–ന് ഭവനത്തിൽ ആരംഭിച്ച് തുടർന്ന് കായംകുളം കാദിശാ ഓർത്തഡോക്സ് കത്തീഡ്രലിൽ. കുലശേഖരം, നാഗർകോവിൽ, വേളിമല, കുളത്തൂപ്പുഴ, ആലഞ്ചേരി, ചാത്തന്നൂർ, പേരൂർക്കട, അടുതല, ഓടനാവട്ടം, മുഖത്തല, ഉളിയനാട്, കൊറ്റാർകാവ്, വള്ളികുന്നം, കണ്ണനാകുഴി എന്നീ ദേവാലയങ്ങളിൽ സേവനം അനുഷ്ഠിച്ചു. തിരുവനന്തപുരം ഭദ്രാസന സെക്രട്ടറി, സഭാ മാനേജിംഗ് കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

സഹധർമ്മിണി: അന്നമ്മ കോശി (ഓടനാവട്ടം നെല്ലിക്കാലാ കുടുംബാംഗമാണ്). മക്കൾ: ദീപ (ഉള്ളന്നൂർ). ദീപ്തി (ബാംഗ്ലൂർ), ദിവ്യ (കല്ലുമല). മരുമക്കൾ: റൂബൻ (പുത്തൻപറമ്പിൽ, ഉള്ളന്നൂർ), ദീപക്ക് (മണപ്പുറത്ത്. ബാംഗ്ലൂർ), ജിബിൻ (പൈനുവിള പുത്തൻവീട്, കല്ലുമല).

> **"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."**
>
> **– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി**

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

പുതിയ സർക്കാരിൽ ജനങ്ങളുടെ പ്രതീക്ഷ കൊടുമുടിയോളം: മാർ ദീയസ്ക്കോറോസ്

സത്യപ്രതിജ്ഞാച്ചടങ്ങിൽ പങ്കെടുത്ത് മലങ്കരസഭാ പ്രതിനിധികൾ

കോട്ടയം / തിരുവനന്തപുരം: പുതുതായി അധികാരമേറ്റ സംസ്ഥാന സർക്കാരിൽ കൊടുമുടിയേക്കാൾ ഉയരത്തിലുള്ള പ്രതീക്ഷയും പ്രത്യാശയുമാണ് ജനങ്ങൾക്കുള്ളതെന്ന് മലങ്കരസഭയുടെ മാധ്യമവിഭാഗം തലവൻ ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ. ജനങ്ങളുടെ ആ?ഗ്രഹത്തിനൊത്ത് നീതിയും സത്യവും ഉയർത്തിപ്പിടിച്ച് പ്രവർത്തിക്കാൻ സർക്കാരിന് കഴിയണം. മലങ്കരസഭാംഗങ്ങൾ മന്ത്രിസഭയിൽ ഇല്ല എന്നതിൽ പരിഭവമില്ല. വിവിധ മതങ്ങളും സഭകളും സമുദായങ്ങളും നമ്മുടെ നാട്ടിലുണ്ട്. ഇവരിൽ നിന്നെല്ലാം മന്ത്രിമാരുണ്ടാകണം എന്ന് ആവശ്യപ്പെടാൻ തുടങ്ങിയാൽ 140 പേരെയും മന്ത്രിമാരാക്കേണ്ടി വരുമെന്ന് മെത്രാപ്പോലീത്താ പ്രതികരിച്ചു.

ചാണ്ടി ഉമ്മനെ സഭാംഗമായി മാത്രം കാണേണ്ടതില്ല. അദ്ദേഹം ഉമ്മൻ ചാണ്ടിയുടെ മകനാണ്. വ്യത്യസ്തമായ ശൈലിയിൽ തിരഞ്ഞെടുപ്പ് പ്രചരണം നടത്തി വൻ ഭൂരിപക്ഷം നേടിയെടുത്ത യുവ നേതാവാണ്. ഏൽപ്പിച്ച ദൗത്യം ചാണ്ടി ഭംഗിയായി നിർവഹിച്ചു. മന്ത്രിയാക്കാത്തതിന്റെ കാരണം എന്താണെന്ന് അറിയില്ല. പൊതുജനങ്ങളും ഇക്കാര്യം ചോദിക്കുന്നുണ്ട്. നേതൃസ്ഥാനത്തേക്ക് വരുന്നവരുടെ യോഗ്യതകൾ പരിഗണിക്കാൻ നേതൃത്വം ശ്രദ്ധിക്കണം. ചാണ്ടി മന്ത്രിയാകും എന്നത് വോട്ട് ചെയ്ത ജനം പ്രതീക്ഷിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ജനഹിതം മനസിലാക്കാൻ നേതൃത്വത്തിന് കഴിഞ്ഞില്ലെന്നാണ് മനസിലാകുന്നത്. മുഖ്യമന്ത്രിയുടെ കാര്യത്തിലും ജനഹിതമാണ് നടപ്പായത്. കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഇടതിന്റെ കൈയ്യിലിരുന്ന മണ്ഡലങ്ങൾ യുഡിഎഫിന്റെ കൈയിലേക്ക് ജനം തിരികെ നൽകി. എന്നാൽ മന്ത്രിസഭയിലേക്കുള്ള പ്രാതിനിധ്യത്തിൽ ഒരു മന്ത്രിസ്ഥാനവും സ്പീക്കർ സ്ഥാനവും മാത്രമാണ് ലഭിച്ചത്. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ സീനിയറായ രാഷ്ട്രീയ നേതാവ് മന്ത്രി പദവി അർഹിച്ചിരുന്നതായും ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് പറഞ്ഞു.

സഭാതർക്കത്തിൽ നീതിപീഠത്തിൽ നിന്ന് വന്നിരിക്കുന്ന വിധികൾ പാലിക്കപ്പെടണം. വിധി നടപ്പാക്കാൻ ഭരണകൂടങ്ങൾ ശ്രമിക്കാത്തതിനാലാണ് പ്രശ്നങ്ങൾ തുടരുന്നത്. ഇരുവിഭാ?ഗത്തിനും ദോഷം വരാത്ത രീതിയിൽ വിധിയുടെ അന്തസത്ത ഉൾക്കൊണ്ട് ഇരുകൂട്ടരെയും സമന്വയിപ്പിച്ച് കൊണ്ടുപോകുവാൻ പുതിയ സർക്കാരിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും സഭാ മാധ്യമവിഭാ?ഗം തലവൻ കൂട്ടിച്ചേർത്തു.

തിരുവനന്തപുരത്ത് നടന്ന യു.ഡി.എഫ് സർക്കാരിന്റെ സത്യപ്രതിജ്ഞാചടങ്ങിൽ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ പ്രതിനിധീകരിച്ച് ഗീവർഗീസ് മാർ കൂറിലോസ്, ഡോ.ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ് എന്നീ മെത്രാപ്പോലീത്താമാരും സഭാ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവരും സർക്കാരിന്റെ ക്ഷണം സ്വീകരിച്ച് പങ്കെടുത്തു.

ഫാ. വി. ഐ. ചെറിയാൻ അന്തരിച്ചു



പത്തനാപുരം: പിടവൂർ വേങ്ങൽ മണപ്പുറത്ത് ഫാ. വി. ഐ. ചെറിയാൻ (94) അന്തരിച്ചു. ഭാര്യ: പരേതയായ സാറാമ്മ ചെറിയാൻ. മക്കൾ: അന്നമ്മ ചെറിയാൻ, ബ്ലെസി മാത്യു, ഗ്രിഗോറിയോസ്. മരുമക്കൾ: ചാക്കോ മാത്യു, തേലപ്പുറത്ത് മാലിക്, മനുമോൾ.

സംസ്കാരം പിടവൂർ ശാലേം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടത്തി.



കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനം വാർഷികാഘോഷവും പ്രതിഭാ സംഗമവും നെച്ചൂർ സെന്റ് തോമസ് ഓർത്തഡോക്സ് പള്ളിയിൽ പ. ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതിയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



പരുമല ആശുപത്രിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'പരുമല ഓങ്കോഇൻസൈറ്റ് 2026 3.0' (PARUMALA ONCOINSIGHT 2026 3.0) മെഡിക്കൽ കോൺഫറൻസ് മെയ് 17-ന് തിരുവല്ല വിജയ ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്തു.



Metropolitan Abraham Stephanos, accompanied by the Vicar, Trustee and Secretary of St. James the Apostle Indian Orthodox Church, Leuven, Belgium, was received by Metropolitan Athenagoras of Belgium and Exarch of the Netherlands and Luxembourg at the Metropolitan Palace.

ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷ് സാഹിത്യത്തിൽ ഡോക്ടറേറ്റ് നേടിയ ഗ്രീഷ്മ ഹന്ന രാജൻ. പത്തനാപുരം സെന്റ് സ്റ്റീഫൻസ് മൗണ്ട് താബോർ ദയറാ ചാപ്പൽ അംഗമാണ്.





പരുമലയിൽ നടന്ന ആഗോള വൈദിക സമ്മേളനത്തിൽ നിന്നും.



പരുമലയിൽ നടന്ന ആഗോള വൈദിക സമ്മേളനത്തിൽ നിന്നും.



പോളണ്ടിൽ നടന്ന അന്താരാഷ്ട്ര ഓർത്തഡോക്സ് ക്വയർ കോംപറ്റീഷൻ ഫെസ്റ്റിവലിൽ എം. പി ജോർജ് കോർ എപ്പിസ്ക്കോപ്പാ നേതൃത്വം നൽകിയ മലങ്കരസഭയുടെ സൂമോറോ ഗായകസംഘത്തിന് രണ്ടാം സ്ഥാനം ലഭിച്ചു.



യു.എ.ഇയിലെ ഇന്ത്യൻ ഹൈസ്കൂളിൽ (ഐഎച്ച്എസ്) സിബിഎസ്ഇ പ്ലസ് ടു കൊമേഴ്സ് വിഭാഗം ടോപ്പറായി ജോഷ്വാ സണ്ണി സ്റ്റാൻലി (499/500). ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗങ്ങളായ പന്തളം മണ്ണിൽ വീട്ടിൽ സ്റ്റാൻലി സണ്ണിയുടെയും സാറാ ആൻ ഫിലിപ്പിന്റെയും മകനാണ്. പന്തളം കുരമ്പാല സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളി ആണ് മാതൃഇടവക.



പുതിയ അധ്യയന വർഷാരംഭത്തോടനുബന്ധിച്ച് പരുമല ആശുപത്രിയിലെയും അനുബന്ധ സ്ഥാപനങ്ങളിലെയും എല്ലാ ജീവനക്കാരുടെയും സ്കൂൾ വിദ്യാർത്ഥികളായ മക്കൾക്കായി 'കുഞ്ഞുങ്ങളുടെ പരുമല – ബാക്ക് ടു സ്കൂൾ 2026' സൗജന്യ സ്കൂൾ കിറ്റ് വിതരണം സംഘടിപ്പിച്ചു. പുതിയ അധ്യയന വർഷത്തേക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനമേകുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ഈ പദ്ധതി, മെയ് 19-ന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയും കിറ്റ് വിതരണം നിർവ്വഹിക്കുകയും ചെയ്തു.



അബി എബ്രഹാം കോശി ദേശീയ ഉപാദ്ധ്യക്ഷൻ

കൊച്ചി: ഇന്ത്യൻ വൈ.എം.സി.എ. യൂത്ത് എംപവർമെന്റ് കമ്മിറ്റിയുടെ ദേശീയ ഉപാദ്ധ്യക്ഷനായി അബി എബ്രഹാം കോശി തിരഞ്ഞെടുക്കപ്പെട്ടു. കേരള വൈ.എം.സി.എയുടെ മീഡിയ ആൻഡ് കമ്മ്യൂണിക്കേഷൻ വിഭാഗം ചെയർമാനായിരുന്നു. വൈ.എം.സി.എ. നാഷണൽ പ്രസിഡന്റ് ജസ്റ്റിസ് കുര്യൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ദേശീയ എക്സിക്യൂട്ടീവിലായിരുന്നു പ്രഖ്യാപനം. മധ്യപ്രദേശിലെ ജബല്പുർ സ്വദേശിനിയായ മഹിമ തുർക്കി അഗർവാളാണ് കമ്മിറ്റിയുടെ അദ്ധ്യക്ഷ. യുവജനങ്ങളും സ്പോർട്സും ജെൻഡർ ഇക്വാളിറ്റിയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് കമ്മിറ്റിയുടെ പ്രവർത്തനമേഖല.

മാവേലിക്കര മെത്രാസനത്തിലെ കാർത്തികപ്പള്ളി സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവക അംഗമാണ്. ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം മുൻ കേന്ദ്ര കമ്മിറ്റി അംഗമായിരുന്നു.